# 49
# തെറ്റായ ലക്ഷ്യങ്ങൾ
## (20:1- 34)

അദ്ധ്യായം 19-ൽ തുടങ്ങിയ യേശുവിന്റെ യെഹൂദ്യയിലേയും പെറിയയിലേയും ശുശ്രൂഷയെ വിവരിക്കുന്നതു ഈ അദ്ധ്യായത്തിലും തുടരുകയാണ്. അതിൽ തോട്ടക്കാരുടെ ഉപമയും (20:1–16), തന്റെ ആസന്നമായ മരണത്തെ യേശു മൂന്നാമതും അറിയിക്കുന്നതും (20:17–19), രാജ്യത്തിലെ മാഹാത്മ്യ നിർദ്ദേശവും (20:20–28), യേശു യെരിഹോവിലെ രണ്ടു കുരുടന്മാരെ സൗഖ്യമാക്കുന്നതും ഉൾപ്പെടുന്നു (20:29–34).

### തോട്ടത്തിലെ വേലക്കാരുടെ ഉപമ (20:1-16)

**[1]"സ്വർഗരാജ്യം തന്റെ മുന്തിരിത്തോട്ടത്തിൽ വേലക്കാരെ വിളിച്ചാക്കേണ്ടതിന്നു പുലർച്ചെക്ക് പുറപ്പെട്ട വീട്ടുടയവനോട് സദൃശം. [2]വേലക്കാരോട് അവൻ ദിവസത്തേക്ക് ഓരോ വെള്ളിക്കാശ് പറഞ്ഞൊത്തിട്ട്, അവരെ മുന്തിരിത്തോട്ടത്തിൽ അയച്ചു. [3]മൂന്നാം മണി നേരത്തും പുറപ്പെട്ടു, മറ്റു ചിലർ ചന്തയിൽ മിനക്കെട്ടു നിൽക്കുന്നതു കണ്ടു. [4]'നിങ്ങളും മുന്തിരിത്തോട്ടത്തിൽ പോകുവിൻ, ന്യായമായതു തരാം' എന്നു അവരോട് പറഞ്ഞു; അവർ പോയി. [5]അവൻ ആറാം മണി നേരത്തും ഒമ്പതാം മണി നേരത്തും ചെന്നു അങ്ങനെ തന്നെ ചെയ്തു. [6]പതിനൊന്നാം മണി നേരത്തും ചെന്നു, മറ്റു ചിലർ നിൽക്കുന്നതു കണ്ടിട്ട്, 'നിങ്ങൾ ഇവിടെ പകൽ മുഴുവൻ മിനക്കെട്ടു നിൽക്കുന്നത് എന്ത്' എന്നു ചോദിച്ചു. [7]'ഞങ്ങളെ ആരും കൂലിക്കു വിളിക്കായ്ക കൊണ്ടത്രേ' എന്ന് അവർ പറഞ്ഞപ്പോൾ; 'നിങ്ങളും മുന്തിരിത്തോട്ടത്തിൽ ചെല്ലുവിൻ' എന്ന് അവരോട് പറഞ്ഞു.**

**[8]"സന്ധ്യയായപ്പോൾ മുന്തിരിത്തോട്ടത്തിന്റെ ഉടയവൻ തന്റെ വിചാരകനോട്, 'വേലക്കാരെ വിളിച്ച്, പിമ്പന്മാർ തുടങ്ങി മുമ്പന്മാർ വരെ അവർക്ക് കൂലി കൊടുക്ക' എന്നു പറഞ്ഞു. [9]അങ്ങനെ പതിനൊന്നാം മണി നേരത്തു വന്നവർ ചെന്നു ഓരോ വെള്ളിക്കാശ് വാങ്ങി. [10]മുമ്പന്മാർ വന്നപ്പോൾ തങ്ങൾക്ക് അധികം കിട്ടും എന്നു നിരൂപിച്ചു; അവർക്കും ഓരോ വെള്ളിക്കാശ് കിട്ടി. [11]അതു വാങ്ങിയിട്ട് അവർ വീട്ടുടയവന്റെ നേരെ പിറുപിറുത്തു. [12]'ഈ പിമ്പന്മാർ ഒരു മണി മാത്രം വേല ചെയ്തിട്ടും നീ അവരെ പകലത്തെ ഭാരവും വെയിലും സഹിച്ച ഞങ്ങളോട് സമമാക്കിയല്ലൊ' എന്നു പറഞ്ഞു. [13]അവരിൽ ഒരുത്തനോട് അവൻ ഉത്തരം പറഞ്ഞത്, 'സ്നേഹിതാ ഞാൻ നിന്നോട് അന്യായം ചെയ്യുന്നില്ല; നീ എന്നോട് ഒരു പണം പറഞ്ഞൊത്തില്ലയോ? [14]നിന്റേത് വാങ്ങി പൊയ്ക്കൊൾക; നിനക്ക് തന്നതുപോലെ ഈ പിമ്പന്നും കൊടുപ്പാൻ എനിക്ക് മനസ്സ്. [15]എനിക്കുള്ളതിനെക്കൊണ്ട്, മനസുപോലെ ചെയ്യുവാൻ എനിക്ക് ന്യായമില്ലയോ? ഞാൻ നല്ലവൻ ആകകൊണ്ട് നിന്റെ കണ്ണ് കടിക്കുന്നുവോ?' [16]ഇങ്ങനെ പിമ്പന്മാർ മുമ്പന്മാരും മുമ്പന്മാർ പിമ്പന്മാരും ആകും."**

അപ്പൊസ്തലന്മാരുടെ ത്യാഗത്തിനും സേവനത്തിനും എന്തു പ്രതിഫലം ലഭിക്കുമെന്ന് പറഞ്ഞതിനു ശേഷമാണ്, യേശു ഈ ഉപമ പറയുന്നത് (19:27) അവർക്ക് പ്രത്യേകിച്ച് വലിയ പ്രതിഫലം ലഭിക്കുമെന്നാണ് അവൻ പത്രൊസിനോട് പറഞ്ഞത്; അവർ പന്ത്രണ്ടു സിംഹാസനങ്ങളിലിരുന്ന് യിസ്രായേൽ ഗോത്രം പന്ത്രണ്ടിനേയും ന്യായം വിധിക്കും (19:28). അവന്റെ നാമം അഥവാ സുവിശേഷം നിമിത്തം ഒരാൾ സഹിക്കുന്ന ത്യാഗത്തിന് വലിയ അനുഗ്രഹം ലഭിക്കും എന്ന് അവൻ പിന്നെ പറഞ്ഞു (19:29). അവസാനമായി അവൻ പ്രഖ്യാപിച്ചു, "മുമ്പന്മാർ പിമ്പന്മാരും പിമ്പന്മാർ മുമ്പന്മാരും ആകും" (19:30).

ആ സത്യം മറ്റൊരു രീതിയിൽ അവതരിപ്പിക്കുന്ന ഒരു ഉപമയാണ് യേശു പിന്നെ പറഞ്ഞത് (20:1–16). സേവനത്തിൽ തെറ്റായ ലക്ഷ്യങ്ങൾക്കെതിരായ മുന്നറിയിപ്പ് അവൻ തന്റെ ശിഷ്യന്മാർക്ക് നൽകുകയായിരുന്നു. പ്രതിഫലം ലഭിക്കും എന്ന ഏക കാരണത്താൽ ആരും ദൈവത്തെ സേവിക്കരുത്. രക്ഷ കൃപയാൽ ലഭിക്കുന്നതാണ്; അതു പ്രവൃത്തിയോഗ്യതയാൽ നേടാവുന്നതല്ല (എഫെ. 2:8–10). മറ്റു വേലക്കാരുടേതിനോട് താരതമ്മ്യപ്പെടുത്തുവാനോ, മറ്റുള്ളവർക്ക് ലഭിക്കുന്ന അനുഗ്രഹത്തിൽ കണ്ണുകടിയുണ്ടാകുവാനോ പാടില്ല.

**വാക്യം 1.** രാജ്യത്തെ മറ്റു വസ്തുക്കളോട് താരതമ്യം ചെയ്ത് ഉപമകൾ പരിചയപ്പെടുത്തുവാൻ യേശു പലപ്പോഴും **സ്വർഗരാജ്യം ഇതുപോലെ** (13:24, 31, 33, 44, 45, 47; 18:23; 22:2; 25:1) യാണ് എന്ന പ്രയോഗം നടത്തിയിരിക്കുന്നു. ഈ സന്ദർഭത്തിൽ, സ്വർഗ രാജ്യം വീട്ടുടയവനോടല്ല താരതമ്മ്യം ചെയ്തിരിക്കുന്നത്, മറിച്ച്, ഉടയവന്റെ തോട്ടത്തിൽ വേലക്കാരെ ആവശ്യമായി വന്നതിനോടു ബന്ധപ്പെടുത്തിയിരിക്കുന്നു. തീർച്ചയായും, പഠിപ്പിക്കേണ്ടതായ നല്ല പാഠങ്ങളാണ് ഉടയവന്റെ നല്ല മനസും, കൃപയും.

"സ്വർഗരാജ്യം," "ദൈവരാജ്യം," "എന്റെ രാജ്യം," "രാജ്യം" എന്നെല്ലാം പറയുന്നത് ഒരേ സ്ഥാപനത്തെയാണ്, അത്തരം പ്രയോഗങ്ങളുടെ സന്ദർഭം നാം പരിഗണിക്കണം. അതു ഭാവിയിൽ വരേണ്ട നിത്യമായ ഒന്നല്ല, മറിച്ച് ഇപ്പോൾ നിലവിലുള്ള ദൈവിക ഭരണത്തെയാണ് സൂചിപ്പിക്കുന്നത്. യോഹന്നാൻ സ്നാപകൻ വന്നു പ്രസംഗിച്ചത്, "ദൈവരാജ്യം സമീപിച്ചിരിക്കയാൽ മാനസാന്തരപ്പെടുവിൻ" എന്നായിരുന്നു (3:2). "കാലം തികഞ്ഞു, ദൈവരാജ്യം സമീപിച്ചിരിക്കുന്നു; മാനസാന്തരപ്പെട്ട് സുവിശേഷത്തിൽ വിശ്വസിപ്പിൻ" എന്നായിരുന്നു കർത്താവ് പ്രസംഗിച്ചത് (മർ. 1:15). അവർ ഒരേ രാജ്യത്തെ കുറിച്ചാണ് പ്രസംഗിച്ചത്, അതു ആസന്നമായിരിക്കുന്നു എന്നുമാണ് പറഞ്ഞത്. രാജ്യം ശക്തിയോടുകൂടി വരുന്നത് അപ്പൊസ്തലന്മാർ കാണുമെന്ന് യേശു വാഗ്ദാനം ചെയ്തിരുന്നു (മർ. 9:1). സ്വർഗാരോഹണത്തിന് മുൻപ് കർത്താവ് പതിനോരുവരോട് പറഞ്ഞു - അപ്പോൾ യൂദാ അവരിൽനിന്നു ഒഴിഞ്ഞുപോയിരുന്നു - "പിതാവ് വാഗ്ദാനം ചെയ്തതിനായി യെരുശലേമിൽ തന്നെ പാർപ്പിൻ" (പ്രവൃ. 1:4). അത് അവർക്ക് ലഭിപ്പാനിരുന്ന പരിശുദ്ധാത്മ സ്നാനമായിരുന്നു, അപ്പോൾ "അവർ ശക്തി ലഭിച്ചിട്ട് യെഹൂദ്യയിലും, ശമര്യയിലും, ഭൂമിയുടെ അറ്റത്തോളവും അവന്റെ സാക്ഷികളാകും" (പ്രവൃ. 1:8). ആ വാഗ്ദാനം പെന്തെകൊസ്തുനാളിൽ നിറവേറി (പ്രവൃ. 2). അന്ന് അപ്പൊസ്തലന്മാരുടെമേൽ പരിശുദ്ധാത്മാവ് ശക്തിയോടെ വരികയും, അവർക്ക് അത്ഭുതശക്തി ലഭിക്കയും, സ്വർഗരാജ്യം/ദൈവരാജ്യം വരികയും ചെയ്തു (പ്രവൃ. 2:29–41; 1 കൊ. 15:20–28; കൊലൊ. 1:13; എബ്രാ. 12:28).

**ഉടയവൻ** (*ഓയികോഡെസ്പോടസ്*) എന്നതു ഒരു സംയുക്ത വാക്കിൽനി

ന്നു വന്നതാണ്, അർത്ഥം "വിട്ടുടമസ്ഥൻ" എന്നാണ്. ഉപമകളിൽ പലപ്പോഴും അത് ദൈവമോ യേശുവോ ആയിരിക്കും (10:25; 13:27; 20:1; 21:33; ലൂക്കൊ. 13:25; 14:21). അധികാരവും സമ്പത്തും ഉള്ളവൻ എന്നാണ് ആ വാക്ക് അർത്ഥമാക്കുന്നത്. ഉപമയിൽ, വേലക്കാരെ മേൽനോട്ടം നടത്തുവാനായി "തോട്ടമുടമക്ക്" "വിചാരകനുണ്ടായിരുന്നു" (20:8), അതേസമയം കൂലിക്കാരെ വിളിക്കുന്നതിലും അവൻ ഉൾപ്പെടുന്നു.

**തോട്ടങ്ങൾ** പാലസ്തീനിൽ സാധാരണ കാഴ്ച്ചയായിരുന്നു; അവ വളർന്നിരുന്നത് മലഞ്ചെരുവുകളിലായിരുന്നു. വാഗ്ദത്ത ദേശത്തെ ഓരോരുത്തരുടേയും വിജയം അവർക്കുണ്ടായിരുന്ന അത്തിയുടേയും ഒലിവിന്റേയും തോട്ടമായിരുന്നു (ആവ. 6:11; യോശു. 24:13; 1 രാജാ. 4:25; 2 രാജാ. 18:31; യോവേ. 1:12; 2:22). അതിലുപരിയായി, യിസ്രായേലിനെ ദൈവത്തിന്റെ മുന്തിരി, അല്ലെങ്കിൽ മുന്തിരിത്തോട്ടം എന്നു വിളിച്ചിരുന്നു (യെശ. 5:1-7; യിരെ. 2:21; 12:10; ഹോശെ. 10:1). പുതിയനിയമത്തിൽ, യേശുവിന്റെ ഉപമകളിൽ സുപരിചിതമായി തോട്ടങ്ങൾ ഉപയോഗിച്ചിരിക്കുന്നു (20:1; 21:28, 33; ലൂക്കൊ. 13:6). ക്രിസ്തുവിന്റെ സഭയെ ആലങ്കാരികമായി മുന്തിരി, മുന്തിരിത്തോട്ടം എന്നിങ്ങനെ വിശേഷിപ്പിച്ചിരിക്കുന്നു (യോഹ. 15:1-11; 1 കൊ. 9:7).

തന്റെ തോട്ടത്തിൽ വേലചെയ്യുവാനായി ഉടയവൻ **പ്രഭാതത്തിൽ തന്നെ വേലക്കാരെ വിളിക്കുവാൻ പോയി**. ദിവസക്കൂലിക്കാരെ വിളിക്കുന്നത് ചന്തസ്ഥലത്തുനിന്നായിരുന്നു (20:3). ആ വേലക്കാർ വിദ്യാഭ്യാസമില്ലാത്തവരും, പ്രാഗത്ഭ്യമില്ലാത്തവരും, സാമൂഹിക സാമ്പത്തിക നിലവാരത്തിൽ വളരെ താഴ്ന്നവരുമായിരിക്കും. അവർക്ക് നൽകിയിരുന്നത് കുറഞ്ഞ വേതനവും മോശമായ പെരുമാറ്റവുമായിരുന്നു (മലാ. 3:5; യാക്കൊ. 5:4). അവരോട് മാന്യമായി പെരുമാറുവാൻ ദൈവത്തിന്റെ കൽപനയുണ്ടായിരുന്നതാണ് (ലേവ്യ. 19:13; ആവ. 24:14, 15).

ജോലിദിവസത്തെ മൂന്നു മണിക്കൂർ വീതമുള്ള നാലു ഭാഗങ്ങളായി തിരിച്ചിരുന്നു. അത് ആരംഭിക്കുന്നത് രാവിലെ 6.00 ന്, അല്ലെങ്കിൽ സൂര്യോദയത്തിന്, അവസാനിക്കുന്നത് വൈകുന്നേരം 6.00 നു അല്ലെങ്കിൽ സൂര്യാസ്തമയത്തുമാണ് (സങ്കീ. 104:20-23; യോഹ. 11:9). വേലക്കാരൻ വേലക്ക് വരുന്നത് ഉടമസ്ഥന്റെ സമയത്തും പോകുന്നത് വേലക്കാരന്റെ സമയത്തുമാണെന്നാണ് താൽമൂദ് പറയുന്നത്.[1] ഈ ഉപമയിൽ വേല ആരംഭിക്കുന്നത്, ചന്തസ്ഥലത്തുനിന്നു അവരെ വിളിച്ച സമയം മുതലാണ്, അവസാനിക്കുന്നത് സന്ധ്യാസമയത്താണ്.[2]

പാലസ്തീനിൽ, സാധാരണ ചൂടുള്ള കാലാവസ്ഥയുള്ള, ഓഗസ്റ്റിലും, സെപ്തംബറിലുമാണ് മുന്തിരി വിളവെടുപ്പ് നടത്തിയിരുന്നത് (20:12). ഉടയവൻ ആ ദിവസം വേലക്കാരെ വിളിക്കുവാൻ അഞ്ചുതവണ ചന്ത സ്ഥലത്ത് പോയി (20:1, 3, 5, 6). മഴ പെയ്യുന്നതിനു മുൻപ് മുന്തിരിയെല്ലാം പറിച്ചെടുക്കുവാൻ ആഗ്രഹിച്ചിരിക്കാം. വേനലും, വരൾച്ചയുമവസാനിച്ച് ആദ്യ മഴ പെയ്യുന്നത് സെപ്തംബർ അവസാനമാണ്.

**വാക്യം 2. ഒരു ദിവസത്തേക്ക് ഒരു വെള്ളിക്കാശാണ്** ആദ്യത്തെ **വേലക്കാരോട്** ഉടയവൻ പറഞ്ഞൊത്തത്. ഒരു ദിവസത്തെ വേതനമായി അന്നു കൊടുത്തിരുന്നത് റോമൻ നാണയമായിരുന്ന **ഒരു വെള്ളിക്കാശായിരുന്നു**.[3] റോമാ പടയാളികൾക്കും അതേ തുകയായിരുന്നു നൽകിയിരുന്നത്.[4] അവരുമായി കരാറുണ്ടാക്കിയശേഷമാണ് ഉടയവൻ **വേലക്കാരെ തോട്ടത്തിലേക്ക്**

**അയച്ചത്.**

**വാക്യം** 3. ഏതാണ്ട് **മൂന്നാം മണി** നേരം ആയപ്പോൾ (രാവിലെ 9.00) അവൻ **ചന്തയിൽ** എത്തിയപ്പോൾ, **വേറെ ചിലർ ആരെങ്കിലും വിളിക്കുമെന്നു കരുതി** മിനക്കെട്ടു നിൽക്കുന്നത് കണ്ടു. പുരാതന കാലത്ത് ആളുകൾ ദിവസം ആരംഭിക്കുമ്പോൾ ആളുകളെ ജോലിക്കു വിളിക്കുകയും വൈകുന്നേരം വേതനം കൊടുത്തയക്കുകയുമാണ് പതിവ്. ഒരു ദിവസത്തെ കൂലി അന്നത്തേക്കുള്ള ആവശ്യങ്ങൾ നിറവേറ്റുവാൻ മാത്രമേ കഴിയു (6:11). ഒരു ദിവസം അവർക്ക് ജോലി കിട്ടിയില്ലെങ്കിൽ പട്ടിണിയായിരിക്കും; അതുകൊണ്ട് ഉപമയിലെ വേലക്കാരെ പോലെ, അവർ ദിവസവും ആരെങ്കിലും കൂലിക്കു വിളിക്കുമെന്ന പ്രതീക്ഷയോടെ ചന്തസ്ഥലത്ത് എത്തും.[5]

**വാക്യം** 4. അങ്ങനെ കാത്തുനിന്നവരോട്, ഉടയവൻ പറഞ്ഞു, "**നിങ്ങളും തോട്ടത്തിലേക്ക് ചെല്ലുവിൻ; നിങ്ങൾക്ക് ന്യായമായത് തരാം.**'' ഗ്രീക്കിൽ, "നിങ്ങളും" എന്ന് ഊന്നി പറഞ്ഞിരിക്കുന്നു. മൂന്നു മണിക്കൂർ മുൻപ് ജോലി ആരംഭിച്ചവരോട് ചേരുവാനായിരുന്നു ഉടയവൻ അവരോട് പറഞ്ഞത്. "ന്യായമായത് തരാം" (എൻഏഎസ്ബി), മറ്റു തർജിമകളിൽ, "ന്യായമായ കൂലി തരാം" എന്നാണ് (റ്റിഈവി; എൻഈബി; ആർഈബി). ഉടയവൻ ന്യായമായത് ചെയ്യുമെന്ന വിശ്വാസത്തിൽ വേലക്കാർ അവൻ പറഞ്ഞതിനോട് യോജിച്ചു. ആ ജോലിക്കാർ താമസിച്ചുപോയതിനാൽ, അവർക്ക് ഒരു ദിവസത്തെ വേതനം ചോദിക്കുവാൻ അവകാശമില്ലായിരുന്നു എന്നാണ് ലിയോൺ മോറിസ് പറഞ്ഞത്. ന്യായമായത് എന്നു പറയുമ്പോൾ, ഒരു വെള്ളിക്കാശിന്റെ ഭാഗം എങ്ങനെ ശരിയായി നൽകാമെന്ന് അവന്റെ വാക്കിൽ അന്തർലീനമായിരുന്നു.[6]

**വാക്യം** 5. ഉടയവൻ **ആറാം മണി നേരത്തും ഒമ്പതാം മണി നേരത്തും പുറപ്പെട്ടുപോയി** (ഉച്ചക്ക് 12.00 നും ഉച്ചതിരിഞ്ഞ് 3.00 നും) മൂന്നാം മണി നേരത്തു വിളിച്ചവരോട് പറഞ്ഞൊത്തതു**പോലെ** ഇവരോടും പറഞ്ഞു വേലക്കാരെ വിളിച്ചു.

**വാക്യം** 6. **പതിനൊന്നാം മണി നേരത്തും പോയി** (വൈകുന്നേരം 5.00 ന്) - വേല അവസാനിക്കുവാൻ ഒരു മണിക്കൂർ മാത്രമായിരുന്നു അവശേഷിച്ചിരുന്നത്, അപ്പോഴായിരുന്നു അയാൾ ചന്തസ്ഥലത്ത് മിനക്കെട്ടു നിന്ന ചിലരെ വേലക്ക് വിളിച്ചത്. അവൻ അവരോട് ചോദിച്ചു, "**നിങ്ങൾ ഇവിടെ പകൽ മുഴുവൻ മിനക്കെട്ടു നിൽക്കുന്നത് എന്ത്?"** ആ ചോദ്യത്തിലെ മിനക്കെട്ടു പകൽ മുഴുവൻ നിൽക്കുക എന്ന ധ്വനിയിൽ അലസതയുടെ ശാസന അടങ്ങിയിരിക്കുന്നു എന്നു തോന്നുന്നു.

**വാക്യം** 7. ആരും ഞങ്ങളെ കൂലിക്ക് വിളി [ച്ചില്ല] എന്ന് അവർ പ്രതികരിച്ചു. അവർക്ക് ജോലി ലഭിക്കാതിരുന്നതിന്റെ മറ്റു കാരണങ്ങൾ വേദഭാഗം വിശദമാക്കുന്നില്ല. ഉടയവൻ അവരോടു പറഞ്ഞു, "**നിങ്ങളും തോട്ടത്തിലേക്കു പോക.**'' വാക്യം 4 ലേതുപോലെ ഊന്നൽ "നിങ്ങ ... ളും" എന്നതിനാണ്. പകൽ മുഴുവൻ ജോലിക്കായി വിളിച്ചാക്കിയവരോട് ചേരുവാനായിരുന്നു ഇവരെയും അയച്ചത്. ഈ സമയത്ത് പണത്തിന്റെ കാര്യമൊന്നും പറയുന്നില്ല. തങ്ങൾക്ക് ന്യായമായ കൂലി ലഭിക്കുമെന്ന വിശ്വാസത്താലായിരിക്കണം അവർ അങ്ങനെ പോയത്. അവർക്ക് കുടുംബത്തെ പോറ്റുവാൻ തക്ക കൂലി ലഭിക്കുകയില്ലെങ്കിലും, പകൽ മുഴുവൻ ജോലി ചെയതവർക്ക് ലഭിക്കുന്നതിന്റെ ഒരു ഭാഗമെങ്കിലും ലഭിക്കുമല്ലൊ എന്നായിരിക്കും അവർ വിചാരിച്ചത്.

**വാക്യം** 8. ജോലി സമയമായ പന്ത്രണ്ടു മണിക്കൂർ കഴിഞ്ഞപ്പോൾ,

**തോട്ടത്തിന്റെ ഉടയവൻ** തന്റെ വിചാരകനോട്, **"വേലക്കാരെ വിളിച്ച്, പിമ്പന്മാർ മുതൽ മുമ്പന്മാർ വരെ കൂലി കൊടുക്കുവാൻ പറഞ്ഞു."** വേലക്കാർ വിശപ്പോടുകൂടി പോകാതിരിക്കുവാൻ അവർക്ക് അവസാനമാണ് കൂലി കൊടുത്തിരുന്നത് (ലേവ്യ. 19:13; ആവ. 24:14, 15; മത്താ. 6:11 നോക്കുക). ആദ്യ ജോലിക്കു വന്നവരെ ആദ്യം വിളിച്ചു കൂലി കൊടുക്കുമെന്ന് വിചാരിച്ചിരിക്കാം. ക്രമം മറിച്ച് ആയത് ഉപമയുടെ ശേഷം സംഭാഷണങ്ങൾക്ക് കാരണമായി. ഈ ക്രമം പരിഗണിക്കേണ്ട ഒരു ചിത്രീകരണ തത്വം നൽകുന്നു: "പിമ്പന്മാർ മുമ്പന്മാരും, മുമ്പന്മാർ പിമ്പന്മാരും ആകും" (20:16; 19:30 നോക്കുക). ഇവിടെ മുമ്പന്മാരേയും പിമ്പന്മാരേയുമാണ് പറഞ്ഞിരിക്കുന്നതെങ്കിലും, എല്ലാ സമയത്തു വന്നവർക്കും കൂലി ലഭിച്ചു എന്നതു വ്യക്തമാണ്.

**വാക്യം 9. പതിനൊന്നാം മണി നേരത്തു വന്നവർക്കും ഓരോ വെള്ളിക്കാശ് ലഭിച്ചു.** പന്ത്രണ്ടു മണിക്കൂറിൽ ഒരു മണിക്കൂർ മാത്രമാണ് അവർ ജോലി ചെയ്തത്, എന്നാൽ ഒരു മുഴുവൻ ദിവസത്തേയും കൂലിയാണ് അവർക്ക് ലഭിച്ചത്. ഇവർ തീർച്ചയായും ഉടയവന്റെ മനസലിവിന് നന്ദി കരേറ്റിയിരിക്കും. അവസാനം വന്നവർക്ക് കൂലികൊടുക്കുമ്പോൾ, ആദ്യം ജോലിക്ക് വന്നവർ നോക്കി നിൽക്കുകയായിരുന്നു.

**വാക്യം 10.** രാവില പറഞ്ഞൊത്ത ഒരു വെള്ളിക്കാശിനേക്കാൾ **കൂടുതൽ ലഭിക്കുമെന്ന** പ്രതീക്ഷയിലായിരുന്നു **ആദ്യം ജോലിക്കെത്തിയവർ** വിചാരകന്റെ അടുത്ത് കൂലിക്കായി ചെന്നത് (20:2). എന്നാൽ അവരെ നിരാശപ്പെടുത്തി **അവർക്കും ഓരോ വെള്ളിക്കാശ് മാത്രമാണ് ലഭിച്ചത്.** മറ്റു വേലക്കാർക്ക് കൊടുത്തതുപോലെ "അവർക്കും" എന്നതിന് ഊന്നൽ കൊടുത്താണ് ഗ്രീക്കിൽ പറഞ്ഞിരിക്കുന്നത്.

**വാക്യം 11** കാര്യവിചാരകൻ വേലക്കാർക്ക് കൂലി കൊടുത്തുകൊണ്ടിരുന്നപ്പോൾ, **ഉടയവൻ** നോക്കിക്കൊണ്ട് നിന്നിരുന്നു. പറഞ്ഞൊത്ത ഒരു വെള്ളിക്കാശ് അവർക്ക് ലഭിച്ചിട്ടും, കൂലി വാങ്ങിയിട്ട് അവർ ഉടയവന്റെ നേരെ **പിറുപിറുത്തു.** ഇവിടെ ഉപയോഗിച്ചിരിക്കുന്ന ഗ്രീക്ക് (*ഗോൺഗുസോ*യിൽ നിന്നാണ്) "ഒനോമാറ്റോപോയിയാ" ഒന്നിനെ പ്രതിനിധീകരിക്കുന്നതിനെ അനുകരിച്ചു പറയുന്നതാണ്. ഇംഗ്ലീഷിൽ, നാം പറയും, "മട്ടർ," "മമ്പിൾ," ''മർമർ"[7] എന്നൊക്കെ. ഇനിയും തങ്ങൾക്ക് ജോലി നൽകുവാനുള്ള ഒരു ഉടയവനോട് ആ വേലക്കാർ പിറുപിറുത്തതിൽ ആശ്ചര്യം തോന്നുന്നു.

**വാക്യം 12. ഒരു മണിക്കൂർ മാത്രം ജോലി** ചെയ്തവരോട്, **പകൽ മുഴുവനും ഭാരവും വെയിലും സഹിച്ച്** ജോലി ചെയ്ത തങ്ങളെ **സമമാക്കിയതിനാലായിരുന്നു** അവർ ഉടയവനെതിരെ പിറുപിറുത്തത്. രാവിലെ 6.00 ന് ജോലിക്ക് വന്നവർ ഉടയവനെ രണ്ടു കാരണങ്ങളാലാണ് കുറ്റപ്പെടുത്തിയത്. ഒന്ന്, അവൻ അനീതിയാണ് കാണിച്ചത്, കാരണം പന്ത്രണ്ടു മണിക്കൂറും **ഒരു മണിക്കൂറും** തമ്മിലുള്ള **വ്യത്യാസം** പരിഗണിച്ചില്ല. രണ്ട്, അവൻ പരിഗണനയില്ലാത്തവനാണെന്നാണ് പറഞ്ഞത്, കാരണം പകലിന്റെ ചൂടും വൈകുന്നേരത്തെ തണുപ്പും അവൻ കാര്യമാക്കിയില്ല.[8] "വെയിൽ" (**കൗസോൺ**) എന്നു പറയുന്നത്, സൂര്യപ്രകാശത്തിന്റെ ചൂടാകാം. എങ്ങനെയായാലും, കിഴക്കൻ കാറ്റിന്റെ ചൂടുമാകാം, അതിനെ "സിരോക്കോ" എന്നും വിളിച്ചിരുന്നു. അത്തരം "വെയിൽ ചിലപ്പോൾ ജോലിക്കാരെ വയലിൽ നിന്ന് ഓടിച്ചിരുന്നു."[9]

**വാക്യങ്ങൾ 13-15.** വേലക്കാർ തോട്ടമുടമയെ യാതൊരു ബഹുമാന പദവിയും ഉപയോഗിക്കാതെയാണ് സംബോധന ചെയ്തത് (20:12). മറിച്ച്,

ജോലിക്കാരിൽ **ഒരുത്തനെ** ഉടയവൻ സംബോധന ചെയ്തത്, **സ്നേഹിതാ** (*ഹെറ്റായിറോസ്*) എന്നാണ്. "ചിലപ്പോൾ പേരറിയാത്ത ആരെയെങ്കിലും സംബോധന ചെയ്യുന്നതിന് ഉപയോഗിച്ച വാക്കായിരുന്നു അത്."[10] അത് വിരോധാഭാസമായിട്ടും, ശാസനയായിട്ടും ഉപയോഗിച്ചിരുന്നു (22:12; 26:50), അങ്ങനെയായിരിക്കാം ഇവിടെ ഉപയോഗിച്ചത്. ഈ വാക്ക് (*ഫിലോ*) എന്നതിൽനിന്നു വേർതിരിച്ചറിയണം, കാരണം കൂലിക്ക് വിളിച്ച വേലക്കാരൻ ഒരർത്ഥത്തിൽ ഉടയവന്റെ "സ്നേഹിതനല്ല." ജോലിസ്ഥല നിലവാരമനുസരിച്ച് ഉടയവനുള്ള മാന്യത ഒരിക്കലും കൂലിക്കാരനു പ്രതീക്ഷിക്കാവുന്നതല്ല. ദരിദ്രന് ലഭിക്കുന്ന കൂലി അവരുടെ വേലക്കുള്ള "കൃപയായിട്ടായിരുന്നു"[11] കണക്കാക്കിയിരുന്നതു.

ഉടയവൻ പറഞ്ഞു, "**ഞാൻ നിന്നോട് അന്യായം ചെയ്യുന്നില്ല; നീ എന്നോട് ഒരു പണം പറഞ്ഞൊത്തില്ലയോ?**" ആദ്യം ചെയ്ത കരാർ അവരെ അവൻ ഓർപ്പിച്ചു. അവൻ അവരെ വഞ്ചിച്ചില്ല, കാരണം ഒരു പണം പറഞ്ഞൊത്തിട്ടാണ് അവർ വേലക്ക് വന്നത്.

ഉടയവൻ തുടർന്നു പറഞ്ഞു, "**നിന്റേത് വാങ്ങി പൊയ്ക്കൊൾക.**" അയാൾ അവരോട് അന്യായമൊന്നും ചെയ്തിട്ടില്ല, അവരുടെ ന്യായമായ കൂലി വാങ്ങി പോകുകയായിരുന്നു വേണ്ടത്. അവർക്ക് ഓരോരുത്തർക്കും ലഭിക്കുന്ന ഓരോ വെള്ളിക്കാശ് അവരുടെ കുടുംബത്തെ പോറ്റുവാൻ മതിയായിരുന്നു.

പിന്നെ ഉടയവൻ കൂട്ടിച്ചേർത്തു, "**നിനക്ക് തന്നതുപോലെ ഈ പിമ്പന്നു കൊടുപ്പാനും എനിക്ക് മനസ്.**" അവസാനം വന്നവനോട് അവനു മനസലിവുണ്ടായിരുന്നു എന്ന കാര്യത്തിൽ സംശയമില്ല. തോട്ടമുടയവൻ അവർക്ക് ഒരു മണിക്കൂർ നേരത്തേക്കുള്ള കൂലി മാത്രമാണ് കൊടുത്തിരുന്നതെങ്കിൽ, അവരുടെ കുടുംബം പട്ടിണിയിലാകുമായിരുന്നു.

അവരുടെ സ്ഥാനത്ത് ആദ്യം വന്ന വേലക്കാരെ ആക്കി, ഉടയവൻ അലങ്കാരബഹുലമായ ഈ ചോദ്യം ചോദിച്ചു, "**എനിക്കുള്ളതിനെ കൊണ്ട്, മനസുപോലെ ചെയ്യുവാൻ എനിക്ക് ന്യായമില്ലയോ?**" അവന്റെ പണം തന്റെ ഇഷ്ടംപോലെ ചെയ്തതിൽ എന്തുകൊണ്ടാണ് അവർ കുറ്റം കണ്ടെത്തിയത്? തീർച്ചയായും, തന്റെ ജോലിക്കാർക്ക് അവന് ഇഷ്ടമുള്ള കൂലി കൊടുക്കുവാൻ അവകാശമുണ്ട് - അവർ എപ്പോൾ ജോലിക്കു വന്നു എന്നതു കണക്കിലെടുക്കാതെ - അവന് ഇഷ്ടമുള്ള പണം അവർക്ക് കൊടുക്കാം.

ഉടയവൻ അവസാനിപ്പിച്ചു, "**ഞാൻ നല്ലവനാകകൊണ്ട് നിന്റെ കണ്ണ് കടിക്കുന്നുവോ?**" "കണ്ണുകടി" എന്നതിന്റെ ഗ്രീക്ക് വാക്ക് (*പോനേറോസ്*) സാധാരണ തർജിമ ചെയ്തിരിക്കുന്നത് "ദുഷ്ടത" എന്നാണ് (കെജെവി നോക്കുക). എങ്ങനെയായാലും, "കണ്ണുകടിക്കുക" എന്നതിന്, "ലുബ്ധൻ," "കൊതിയുള്ള," "അസൂയയുള്ള" എന്നീ അർത്ഥങ്ങളാണുള്ളത് (6:23 ന്റെ പരാമർശം നോക്കുക). "ഉദാരമതി" (*അഗാതോസ്*) എന്ന വാക്കിനു "നല്ലവൻ" എന്ന അർത്ഥമുണ്ട് (കെജെവി നോക്കുക). മുൻ അദ്ധ്യായത്തിൽ യേശു പറഞ്ഞു, "നല്ലവൻ ഒരുവനത്രെ, ദൈവം മാത്രം." (19:17). ആദ്യത്തെ വേലക്കാർക്ക് അസൂയയുണ്ടാകുവാൻ കാരണം, തങ്ങളേക്കാൾ കുറച്ചു ജോലി ചെയ്തവർക്ക് അധിക ജോലി ചെയ്ത തങ്ങൾക്കൊപ്പം കൂലി കോടുത്തു എന്നതായിരുന്നു. അസൂയക്ക് അടിസ്ഥാനപരമായ കാരണം വേണമെന്നില്ല; സ്വാർത്ഥതയിൽനിന്നാണ് അത് ഉത്ഭവിക്കുന്നത്.

**വാക്യം 16.** യേശു ആ ഉപമ ഇങ്ങനെ പറഞ്ഞ് അവസാനിപ്പിച്ചു, **"ആകയാൽ പിമ്പന്മാർ മുമ്പന്മാരും മുമ്പന്മാർ പിമ്പന്മാരും ആകും."** ആ പ്രസ്താവന 19:30 നോട് ഒക്കുന്നു; ഉപമക്കായുള്ള പുസ്തകത്തിന്റെ അവസാന സംസാരമായി ഇതിനെ കാണാം. ആ ക്രമം താഴെ കൊടുത്തിരിക്കുന്നതുപോലെ ഉദ്ധരണിയിലാക്കാം:

ഏ1: "എന്നാൽ മുമ്പന്മാർ പിമ്പന്മാരാകും;
ബി1: പിമ്പന്മാർ മുമ്പന്മാരാകും" (19:30)
ബി2: "പിമ്പന്മാർ മുമ്പന്മാരും,
ഏ2: മുമ്പന്മാർ പിമ്പന്മാരാകും" (20:16).

പത്രൊസ് ചോദിച്ച ചോദ്യത്തിന്റെ അർത്ഥം സൂചിപ്പിക്കുന്നതായിരുന്നു ഉപമ (19:27). അവനോടും, അതേപോലെ ചിന്തിക്കുന്നവരോടും യേശു പറഞ്ഞത്, രാജ്യ സേവനത്തിന് എന്തു പ്രതിഫലം ലഭിക്കുമെന്നല്ല ചിന്തിക്കേണ്ടത്, പകരം, എന്തു ലഭിച്ചാലും അതിനു നന്ദിയുള്ളവരായിരിക്കണം. രാജ്യത്തിൽ അവസാനം വന്നവർക്കെതിരെ യേശുവിന്റെ അനുയായികൾ പിറുപിറുക്കയല്ല, സന്തോഷിക്കയാണ് വേണ്ടത്. ഉത്തരവാദിത്വം ആർക്ക് നൽകിയിരിക്കുന്നുവോ അവർക്കായി പ്രതിഫലം നീക്കി വെക്കണം.[12] ക്രിസ്തുവായിരിക്കും ന്യായാധിപൻ; വിശ്വസ്തർക്ക് പ്രതിഫലം നൽകുന്നതും അവിശ്വസിക്കുന്നവർക്ക് ശിക്ഷ പ്രഖ്യാപിക്കുന്നതും അവനാണ്. ഒരാൾ രാജ്യത്തിൽ പ്രവേശിക്കുമ്പോൾ, കൂലി ലഭിക്കുന്നത് ജോലിക്കുള്ള പ്രതിഫലമായിട്ടല്ല, കൃപയായിട്ടത്രെ. ദൈവരാജ്യം എന്നു പറയുന്നത് "കൃപാ പ്രതലമാണ്." എല്ലാ പൗരന്മാരെയും തുല്യരായിട്ടാണ് കാണുന്നത്. ഒരാളെ മറ്റൊരാളേക്കാൾ ഉയർന്ന നിലയിൽ കാണുകയില്ല. രാജ്യത്തിൽ യേശു പ്രത്യേക പ്രതിഫലം പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും (5:19; 10:41–42; 19:28), രാജ്യത്തിൽ പ്രവേശിക്കുന്നതിന്റേയും പങ്കിടുന്നതിന്റേയും പൊതുവായ പ്രതിഫലം തുല്യമായിരിക്കും.[13]

## തന്റെ ആസന്നമായ മരണത്തെ യേശു മൂന്നാമതും അറിയിക്കുന്നു (20:17-19)

**[17]യേശു യെരുശലേമിലേക്ക് യാത്ര ചെയ്യുമ്പോൾ, പന്ത്രണ്ടു ശിഷ്യന്മാരെയും വേറിട്ടു കൂട്ടിക്കൊണ്ടു വഴിയിൽ വെച്ചു അവരോട് പറഞ്ഞത്, [18]"നാം യെരുശലേമിലേക്ക് പോകുന്നുവല്ലൊ; അവിടെ മനുഷ്യപുത്രൻ മഹാപുരോഹിതന്മാർക്കും ശാസ്ത്രിമാർക്കും ഏൽപിക്കപ്പെടും. [19]അവർ അവന്നു മരണശിക്ഷ കൽപിച്ചു പരിഹസിപ്പാനും, തല്ലുവാനും, ക്രൂശിപ്പാനും അവനെ ജാതികൾക്ക് ഏൽപിക്കും; എന്നാൽ മൂന്നാം നാൾ അവൻ ഉയിർത്തെഴുന്നേൽക്കും."**

താഴ്മയും ഉയർച്ചയും എന്ന വിഷയം (20:16) യേശുവിന്റെ ജീവിതത്തിൽ നിറഞ്ഞു നിൽക്കുകയാണ്. ദാരുണമായ മരണത്തിൽ അവന്റേത് "അവസാനത്തേതും" ഉയർത്തെഴുന്നേൽപിൽ അവൻ "ആദ്യനും" ആകും. വരുവാനുള്ള തന്റെ മരണത്തെ കുറിച്ച് യേശു പന്തിരുവരോട് പറയുന്നത് ഇതു മൂന്നാം

പ്രാവശ്യമാണ് (16:21; 17:22, 23; 20:18, 19).[14] തന്റെ ക്രൂശീകരണത്തിനായി ഒരുങ്ങുവാനായിരുന്നു അവൻ അവരോട് ആവർത്തിച്ചത്. അതുപോലെ മത്തായി അതു രേഖപ്പെടുത്തിയത് തന്റെ വായനക്കാർ യേശുവിന്റെ അന്തിമ ലക്ഷ്യത്തെ ശ്രദ്ധിക്കുവാനായിരുന്നു. തീർച്ചയായും, അപ്പൊസ്തലന്മാർ രാജ്യം നിമിത്തം ത്യാഗം സഹിച്ചിരുന്നു (19:27–29). യേശുവിന്റെ അവസാന ത്യാഗം മരണത്താലുള്ള യാഗം അർപ്പിച്ചതായിരുന്നു.

**വാക്യം 17. യേശുവും** തന്റെ അനുയായികളും അപ്പോഴും പെറിയയിൽ തന്നെ ആയിരുന്നേക്കാം (19:1), അല്ലെങ്കിൽ അവർ ഒരുപക്ഷെ യോർദ്ദാൻ നദി കടന്നു യെരിഹോവിലേക്കുള്ള യാത്രയിലായിരുന്നേക്കാം (20:29). മർക്കൊസ് 10:32 പറയുന്നത്, "യേശു അവർക്കു മുൻപായി സഞ്ചരിക്കുകയും" പുരുഷാരം "വിസ്മയിക്കുകയും," "ഭയപ്പെടുകയും" ചെയ്തു എന്നാണ്. അവർക്ക് **യെരുശലേമിലേക്ക് പോകുവാനുള്ള** സമയം അടുത്തിരുന്നു, അതുകൊണ്ട്, അവൻ **പന്ത്രണ്ടു ശിഷ്യന്മാരെ വേറിട്ടു കൊണ്ട്**, വിശുദ്ധനഗരത്തിൽ സംഭവിപ്പാനുള്ളത് മുന്നറിയിച്ചു.

**വാക്യങ്ങൾ 18, 19.** നിർണ്ണയത്തോടുകൂടി യേശു പറഞ്ഞു, "**നാം യെരുശലേമിലേക്ക് പോകുന്നുവല്ലൊ.**" ഗലീലവിട്ടു പോകുന്നതിനു മുൻപ് "കർത്താവിന്റെ മുഖം യെരുശലേമിലേക്ക് തിരിച്ചിരുന്നു" (ലൂക്കൊ. 9:51; എൻകെജെവി); ആ സമയം മുതൽ ആ ലക്ഷ്യത്തിൽനിന്നു അവനെ പിന്തിരിപ്പിക്കുവാൻ ഒന്നിനും കഴിഞ്ഞില്ല.

യേശു തന്നെ യെഹൂദന്മാരുടേയും റോമാക്കാരുടേയും കൈകളിൽ ഏൽപിച്ചുകൊടുപ്പാനിരിക്കുന്നു എന്നു അവൻ പറഞ്ഞ പ്രസ്താവന സുവിശേഷവിവരണങ്ങളിൽ വിശദമാക്കിയിരിക്കുന്നു. യേശുവിന്റെ കാഴ്ച്ചപ്പാടിലുണ്ടായിരുന്ന മരണത്തിന് ഒരു പുരോഗതി കാണാം. ഒന്നാമത്, താൻ **മഹാപുരോഹിതന്മാരുടേയും ശാസ്ത്രിമാരുടേയും** കൈകളിൽ ഏൽപിക്കപ്പെടും എന്നാണ് പറഞ്ഞത്. യൂദാ അവനെ ഒറ്റിക്കൊടുക്കയും കാവൽക്കാർ അവനെ ഗദ്ശെമന തോട്ടത്തിൽ വെച്ചു പിടിച്ചപ്പോൾ സംഭവിച്ചു (26:47). രണ്ടാമത്, അവനെ ന്യായാധിപസഭയിലേക്ക് കൊണ്ടുപോയി, അവിടെ മഹാപുരോഹിതന്മാരും ശാസ്ത്രിമാരും ഉണ്ടായിരുന്നു (26:57). ന്യായാധിപസഭ അവന് **മരണശിക്ഷ വിധിച്ചു** (27:1), എന്നാൽ അവർക്ക് മരണശിക്ഷ നടപ്പാക്കുവാനുള്ള അധികാരം ഇല്ലായിരുന്നു (1:19; 10:18; 12:14). തൽഫലമായി, അവർ യേശുവിനെ **ജാതികളുടെ കയ്യിൽ** ഏൽപിച്ചു, മരണശിക്ഷ നടപ്പാക്കുവാനുള്ള അധികാരം അവർക്കാണുണ്ടായിരുന്നത്. "ജാതികൾ" എന്നു ഇവിടെ പറഞ്ഞിരിക്കുന്നത് നാടുവാഴിയായിരുന്ന പിലാത്തൊസിനെയാണ് (27:2). അവൻ അവനെ **പരിഹസിക്കുവാനും അടിക്കുവാനും** അവന്റെ പടയാളികളെ ഏൽപിച്ചു (27:27–30; മർ. 15:15). യേശു തരംതാഴ്ത്തപ്പെടലും വേദനയും സഹിച്ചശേഷം, യേശുവിനെ **ക്രൂശിൽ തറെക്കുവാനായി** ഗൊൽഗോഥയിൽനിന്നു കൊണ്ടുപോയി (27:31).

യേശുവിന്റെ മരണത്തെ കുറിച്ച് മത്തായിയിൽ മുൻപ് മുന്നറിയിച്ചപ്പോൾ, ഏതു വിധത്തിൽ മരിക്കുമെന്ന് അറിയിച്ചിരുന്നില്ല (16:21; 17:22, 23). അവന്റെ മരണം കൂശിൽ തറെക്കപ്പെട്ടായിരിക്കുമെന്നും ഒരു ശിഷ്യൻ അവന്റെ ക്രൂശ് ചുമക്കുമെന്നുമുള്ള സൂചന നൽകിയിരുന്നു (10:38; 16:24). എങ്ങനെയായാലും, യേശുവിനെ ക്രൂശിൽ തറെക്കുമെന്ന ചിന്ത ഇവിടെ വ്യക്തമാക്കിയിരിക്കുന്നു. താൽപര്യമെന്നവണ്ണം, സംക്ഷിപ്ത സുവിശേഷ വിവരണങ്ങളിൽ മത്തായി

മാത്രമാണ് “ക്രൂശീകരിക്കൽ” (*സ്റ്റൗരൂ*) എന്ന വാക്ക് അവന്റെ പ്രവചനം പോലെ തന്നെ രേഖപ്പെടുത്തിയിരിക്കുന്നത്. ആ വാക്കിനു പകരം, മർക്കൊസും ലൂക്കൊസും പറഞ്ഞിരിക്കുന്ന വാക്ക് “കൊല്ലപ്പെടും” എന്നാണ് (മർ. 10:34; ലൂക്കൊ. 18:33).

യെഹൂദന്മാർ ക്രൂശിൽ തറെച്ചായിരുന്നില്ല മരണശിക്ഷ നടപ്പാക്കിയിരുന്നത്. യെഹൂദന്മാർ കല്ലെറിഞ്ഞോ, ദഹിപ്പിച്ചോ, ശിരഛേദനം ചെയ്തോ, ഞെരിച്ചോ ആയിരുന്നു ശിക്ഷിച്ചിരുന്നത്.[15] ജാതികൾ - പ്രത്യേകിച്ച്, റോമാക്കാരുടെ ഇടയിൽ അക്കാലത്ത് - വിദേശികളെയും, അടിമകളെയും, താഴെകിടയിലുള്ള കുറ്റവാളികളെയും ആയിരുന്നു ക്രൂശിൽ തറെച്ചു കൊന്നിരുന്നത്.[16]

അവസാനമായി, മൂന്നാം നാൾ താൻ ഉയർത്തെഴുന്നേൽക്കുമെന്ന് യേശു മുന്നറിയിച്ചു. ക്രശിൽ തറെച്ച ശേഷം, അവനെ യോസേഫിന്റെ പുതിയ കല്ലറയിലായിരുന്നു അടക്കിയത് (27:59, 60). കല്ലറക്ക് അവനെ പിടിച്ചു വെക്കുന്നത് അസാധ്യമായിരുന്നു, മൂന്നാം നാൾ അതിരാവിലെ അവൻ ഉയർത്തെഴുന്നേറ്റു (28:1, 7). വികാരപരമായ മൂന്നു മുന്നറിയിപ്പുകളിലും മത്തായി വിജയകരമായ മുന്നറിയിപ്പോടെയാണ് അവസാനിപ്പിക്കുന്നത് (16:21; 17:23; 20:19).

## രാജ്യത്തിലെ മാഹാത്മ്യം
## (20:20-28)

**20അന്നു സെബദിപത്രന്മാരുടെ അമ്മ പുത്രന്മാരുമായി അവന്റെ അടുക്കെ വന്നു നമസ്കരിച്ചു അവനോട് ഒരു അപേക്ഷ കഴിച്ചു. 21നിനക്ക് എന്തു വേണം എന്നു അവൻ അവളോട് ചോദിച്ചു; അവൾ അവനോട്, “ഈ എന്റെ പുത്രന്മാർ ഇരുവരും നിന്റെ രാജ്യത്തിൽ ഒരുത്തൻ നിന്റെ വലത്തും ഒരുത്തൻ ഇടത്തും ഇരിപ്പാൻ അരുളിച്ചെയ്യേണമേ” എന്നു പറഞ്ഞു. 22അതിന്നു ഉത്തരമായി യേശു, “നിങ്ങൾ യാചിക്കുന്നത് ഇന്നത് എന്നു നിങ്ങൾ അറിയുന്നില്ല; ഞാൻ കുടിപ്പാനിരിക്കുന്ന പാനപാത്രം കുടിപ്പാൻ നിങ്ങൾക്ക് കഴിയുമോ?” എന്നു ചോദിച്ചു. “കഴിയും” എന്ന് അവർ പറഞ്ഞു. 23അവൻ അവരോട്, “എന്റെ പാനപാത്രം നിങ്ങൾ കുടിക്കും നിശ്ചയം; എങ്കിലും എന്റെ വലത്തും ഇടത്തും ഇരിപ്പാൻ വരം നൽകുന്നത് എന്റേതല്ല; എന്റെ പിതാവ് ആർക്ക് ഒരുക്കിയിരിക്കുന്നുവോ അവർക്ക് കിട്ടും” എന്നു പറഞ്ഞു.
24ശേഷം പത്തു പേർ അതു കേട്ടിട്ട്, ആ രണ്ട് സഹോദരന്മാരോട് നീരസപ്പെട്ടു. 25യേശുവോ അവരെ അടുക്കെ വിളിച്ചു; “ജാതികളുടെ അധിപന്മാർ അവരിൽ കർത്തൃത്വം ചെയ്യുന്നു എന്നും മഹത്തുക്കൾ അവരുടെ മേൽ അധികാരം നടത്തുന്നു എന്നും നിങ്ങൾ അറിയുന്നു. 26നിങ്ങളിൽ അങ്ങനെ അരുത്; നിങ്ങളിൽ മഹാൻ ആകുവാൻ ഇഛിക്കുന്നവൻ എല്ലാം നിങ്ങളുടെ ശുശ്രൂഷക്കാരൻ ആകേണം. 27നിങ്ങളിൽ ഒന്നാമൻ ആകുവാൻ ഇഛിക്കുന്നവൻ എല്ലാം നിങ്ങളുടെ ദാസൻ ആകേണം. 28മനുഷ്യപുത്രൻ ശുശ്രൂഷ ചെയ്യിപ്പാനല്ല, ശുശ്രൂഷിപ്പാനും അനേകർക്ക് വേണ്ടി തന്റെ ജീവനെ മറുവിലയായി കൊടുപ്പാനും വന്നതുപോലെ തന്നെ എന്നു പറഞ്ഞു.”**

ശിഷ്യന്മാർക്ക് അവന്റെ സന്ദേശം മനസിലാക്കുവാൻ അഥവാ കൈക്കൊള്ളുവാൻ പ്രയാസമായതിനെ തുടർന്നാണ് യേശു ആ വൈകാരികമായ മുന്ന

റിയിപ്പ് നടത്തിയത്. പത്രൊസ് അവനെ മാറ്റി നിർത്തി ശാസിച്ചു (16:22, 23). രണ്ടാമത്തെ മുന്നറിയിപ്പ് നടത്തി കുറച്ചുസമയത്തിനുശേഷം, രാജ്യത്തിൽ വലിയവൻ ആരായിരിക്കുമെന്ന ഒരു ചർച്ച അവർക്കിടയിൽ നടന്നു (18:1-4). ഈ മൂന്നാമത്തെ അവസരത്തിൽ, രാജ്യത്തിൽ അധികാരത്തിനും അവകാശത്തിനുമുള്ള ഒരു ആവശ്യം ഉന്നയിക്കപ്പെട്ടു (20:20-28).

**വാക്യം 20. സെബദിമക്കളുടെ അമ്മ ഒരു ആവശ്യവുമായി യേശുവിനെ** സമീപിച്ചു. ആ സ്ത്രീ യേശുവിനെ അനുഗമിക്കുകയും, അവനെ ക്രൂശിൽ തറെക്കുന്നതിനും, അടക്കത്തിനും, ശൂന്യമായ കല്ലറക്കും സാക്ഷിയാവുകയും ചെയ്തിരുന്നു. അവളുടെ പേർ ശലോമി എന്നായിരുന്നു (27:56 ഉം മർ. 15:40 ഉം താരതമ്യം ചെയ്യുക). അവൾ യേശുവിന്റെ അമ്മ മറിയയുടെ സഹോദരി ആയിരുന്നേക്കാം (27:56; മർ. 15:40; യോഹ. 19:25). ആതു വാസ്തവമാണെങ്കിൽ, അവൾ യേശുവിന്റെ അമ്മായിയും, **അവളുടെ മക്കളായ** യാക്കോബും യോഹന്നാനും അവന്റെ ബന്ധത്തിൽ പെട്ട സഹോദരന്മാരുമായിരുന്നു. അവർക്കിടയിൽ ആ ബന്ധം ഉണ്ടായിരുന്നുവെങ്കിൽ, അവൾ ഉന്നയിച്ച ആവശ്യം ന്യായമായിരുന്നു എന്നു വേണം കരുതുവാൻ.[17] അതിനു പുറമെ, യാക്കൊബും യോഹന്നാനും യേശുവിന്റെ ശിഷ്യഗണത്തിൽ ഉൾവലയത്തിൽ പെട്ടവരായിരുന്നു (17:1 ന്റെ പരാമർശം നോക്കുക). ഈ പുരുഷന്മാരെയും അന്ത്രെയൊസിനേയും പത്രൊസിനേയും ആയിരുന്നു യേശു തന്റെ ശിഷ്യന്മാരാകുവാൻ ആദ്യം വിളിച്ചത് (4:18-22).

മർക്കൊസിന്റെ സുവിശേഷത്തിൽ, സെബദിയുടെ ഭാര്യയുടെ പേർ പറയുന്നില്ല; അവൾ യാക്കാബിനോടും യോഹന്നാനോടും കൂടെ വന്ന് ഈ ആവശ്യം ഉന്നയിക്കുന്നതായിട്ടേ പറയുന്നുള്ളു (മർ. 10:35-37). മത്തായിയിൽ, അവർ മൂന്നു പേരും യേശുവിന്റെ അടുക്കൽ വന്നതായും, ആവശ്യം അവൾ മാത്രം ഉന്നയിച്ചതായും ആണ് പറയുന്നത്. തന്റെ മക്കളുടെ ആഗ്രഹങ്ങളായിരുന്നു ശലോമിയുടെ ആവശ്യത്തിൽ പ്രതിഫലിപ്പിച്ചത് (20:22, 24). യേശുവിന്റെ കാലത്ത്, അമ്മമാർ മക്കളുടെ ഉയർച്ചക്കായി അധികാരത്തിലിരിക്കുന്നവരോട് അപേക്ഷിക്കുന്നത് അസാധാരണമായിരുന്നില്ല. ദാവീദിന് പ്രായമായപ്പോൾ, തന്റെ മകൻ ശലോമോനെ സിംഹാസനത്തിലിരുത്തുവാൻ ദാവീദിനോട് ബേത്ശേബ ആവശ്യപ്പെടുകയുണ്ടായി (1 രാജാ. 1:15-21).[18]

**വാക്യം 21.** മുൻപ് പത്രൊസിന്റെ ഒരു ചോദ്യത്തിനു മറുപടിയായി, യേശു അപ്പൊസ്തലന്മാരോട് പറഞ്ഞത് "നിങ്ങൾ പന്ത്രണ്ടു സിംഹാസനങ്ങളിലിരുന്നു യിസ്രായേൽ ഗോത്രം പന്ത്രണ്ടിനേയും ന്യായം വിധിക്കും" എന്നാണ് (19:28). ആ വാഗ്ദാനമായിരിക്കാം **രാജ്യത്തിൽ**, തന്റെ മക്കളിൽ ഒരാളെ യേശുവിന്റെ **വലത്തും** മറ്റൊരാളെ **ഇടത്തും** ഇരുത്തുവാൻ ശലോമി അപേക്ഷിച്ചത്. അവ ഉയർന്ന മാന്യതയുള്ള സ്ഥാനങ്ങളായിരുന്നു - ഭരണതലത്തിൽ മുഖ്യസ്ഥാനങ്ങൾ. വലത്തുവശം ഒന്നാമത്തേതും ഇടത്തുവശം രണ്ടാമത്തേതും. ശൗൽ രാജാവിന്റെ മേശയിൽ യോനാഥാൻ (വലത്തും) സൈന്യാധിപനായിരുന്ന അബ്നേർ (ഇടത്തും) ഇരുന്നിരുന്നതായി ജോസെഫസ് എഴുതിയിരിക്കുന്നു.[19]

യാക്കൊബും യോഹന്നാനും, അവരുടെ അമ്മ ശലോമിയും, ദൈവരാജ്യത്തിന്റെ വാസ്തവത്തിലുള്ള അർത്ഥം തെറ്റിദ്ധരിച്ചിരുന്നു. യേശുവിന്റെ സ്വർഗാരോഹണ നാൾ വരെ മറ്റു അപ്പൊസ്തലന്മാരും ഇതു പങ്കു വെച്ചിരുന്നു (പ്രവൃ. 1:6). ഭൗതിക രാജ്യമായിരുന്നു അവരുടെ പ്രതീക്ഷ; എന്നാൽ

ക്രിസ്തുവിന്റെ രാജ്യം "ഐഹികമായിരുന്നില്ല"; ആത്മികമായിരുന്നു (യോഹ. 18:36).

**വാക്യം 22. യേശു** ഉത്തരം നൽകിയപ്പോൾ, ശലോമിയുടെ നേർക്കായിരുന്നില്ല പ്രതികരിച്ചത്. പകരം, അവൻ യാക്കോബിനോടും യോഹന്നാനോടുമായിരുന്നു സംസാരിച്ചത്: "**നിങ്ങൾ യാചിക്കുന്നത് എന്ത് എന്നു നിങ്ങൾ അറിയുന്നില്ല; ഞാൻ കുടിപ്പാനിരിക്കുന്ന പാനപാത്രം നിങ്ങൾക്ക് കുടിപ്പാൻ കഴിയുമോ?**" അവന്റെ യെരുശലേമിലെ മരണത്തെയായിരുന്നു സൂചിപ്പിച്ചത്. മരണശിക്ഷക്ക് വിധിച്ച കുറ്റവാളികൾക്ക് പുരാതനകാലത്ത് ഒരു പാനപാത്രം വിഷം നിർബ്ബന്ധിച്ച് കുടിപ്പിക്കുമായിരുന്നു. പദവിയുള്ള ഉദ്യോഗസ്ഥന്മാർ അവരെ കൊല്ലിക്കുകയോ, ഇതുപോലെ ആത്മഹത്യക്ക് ശഠിക്കുകയോ ചെയ്യും. "പാനപാത്രം" കഷ്ടതയുടേയും മരണത്തിന്റേയും അടയാളമാണ്. ആ രീതിയിലായിരുന്നു യേശു ആ വാക്ക് ഉപയോഗിച്ചത്.[20]

പിന്നീട് വന്ന ഗ്രീക്ക് കയ്യെഴുത്തു പ്രതികളിൽ "അല്ലെങ്കിൽ ഞാൻ ഏൽക്കുവാനിരിക്കുന്ന സ്നാനം നിങ്ങൾ ഏൽക്കുമോ" എന്നു ചേർത്തിരിക്കുന്നു. സ്പഷ്ടമായും, ആ വാക്കുകൾ, മർക്കൊസ് 10:38 ലെ ശാസ്ത്രിമാരുടെ സമാന്തരവാക്കുകൾ കടമെടുത്തതായിരിക്കും.[21]

ആ രണ്ടു സഹോദരന്മാർ യേശുവിനോട് ഉത്തരം പറഞ്ഞത്, "**ഞങ്ങൾക്ക് കഴിയും**" എന്നാണ്. ക്രിസ്തുവിനോടുള്ള അവരുടെ ഭക്തിയും, ആത്മ-വിശ്വാസവുമാണ് അവരുടെ ആ വാക്കുകളിൽ പ്രകടമാക്കിയത് (26:33, 35 നോക്കുക). എങ്ങനെയായാലും, ആ വാക്കുകളുടെ ശരിയായ അർത്ഥം അവർക്ക് മനസിലായിരുന്നില്ല.

**വാക്യം 23**. പിന്നെ യേശു യാക്കോബിനോടും യോഹന്നാനോടും പറഞ്ഞത്, താൻ കുടിപ്പാനിരിക്കുന്ന **പാനപാത്രം** അവർ **കുടിക്കും** നിശ്ചയം; എന്നാൽ രാജ്യത്തിൽ മുഖ്യ സ്ഥാനങ്ങൾ **നൽകുന്നത് തനിക്കുള്ളതല്ല** എന്നാണ്. ആ തീരുമാനം സ്വർഗസ്ഥനായ **പിതാവിനു** മാത്രമുള്ളതാണ്.

സമയം വന്നപ്പോൾ, യേശു മുന്നറിയിച്ചതുപോലെ കഷ്ടതയുടെ പാനപാത്രം ആ അപ്പൊസ്തലന്മാർ കുടിച്ചു. വിശ്വാസത്തിനുവേണ്ടി ആദ്യ രക്തസാക്ഷിയായത് യാക്കൊബായിരുന്നു (പ്രവൃ. 12:1, 2). തന്റെ ആയുഷ്ക്കാലത്തിൽ, വളരെയധികം കഷ്ടമനുഭവിച്ച ശേഷം സ്വാഭാവികമായിട്ടായിരുന്നു യോഹന്നാൻ മരിച്ചത് എന്നു പറയപ്പെടുന്നു. സഭയുടെ ആരംഭ സമയത്ത്, അവൻ തടവും, ചമ്മട്ടിയടിയും സഹിച്ചിരുന്നു (പ്രവൃ. 4:3; 5:17, 18, 40). ഒന്നാം നൂറ്റാണ്ടിന്റെ അവസാനം, അവനെ പത്മൊസ് ദ്വീപിലേക്ക് നാടു കടത്തിയിരുന്നു. റോമാ തടവുകാരെയും വിമതരേയുമായിരുന്നു അയേഗ്യൻ നദിയുടെ കരയിലുള്ള ആ ദ്വീപിലേക്ക് നാടു കടത്തിയിരുന്നത്.[22] യോഹന്നാൻ പത്മൊസ് ദ്വീപിലായിരുന്ന സമയത്തായിരുന്നു അവന്നു വെളിപ്പാട് ലഭിച്ചത് (വെളി. 1:9). പാരമ്പര്യമനുസരിച്ച്, ഡൊമിഷ്യൻ ചക്രവർത്തി മരിക്കുന്നതുവരെ അവിടെത്തന്നെ താമസിക്കുവാനായിരുന്നു അവനോട് പറഞ്ഞത്, അതിനുശേഷം അവൻ കരയിലേക്ക് വരികയും എഫെസൊസിൽ മരിക്കുന്നതുവരെ ജീവിച്ചു എന്നാണ് പറയുന്നത്.[23]

**വാക്യം 24**. യാക്കൊബിനും, യോഹന്നാനും വേണ്ടി ശലോമി ഈ ആവശ്യം യേശുവിനോട് ഉന്നയിച്ചതായി മറ്റു **പത്ത്** അപ്പൊസ്തലന്മാർ കേട്ടപ്പോൾ, **ആ രണ്ടു സഹോദരന്മാരോട്** അവർക്ക് നീരസമുണ്ടായി. ആ വൈകാരികമായ നീരസം നീതിപൂർവ്വമായ കോപമായിരുന്നില്ല; അവരുടെ സ്വാർത്ഥ

തയായിരുന്നു അതിന്റെ പിന്നിൽ. ശിഷ്യന്മാർ ഫിലിപ്പിന്റെ കൈസര്യയിൽനിന്നു കഫർന്ന ഹൂമിലേക്ക് യാത്ര ചെയ്യുമ്പോൾ, സ്വർഗ രാജ്യത്തിൽ ഏറ്റവും വലിയവൻ ആരായിരിക്കും എന്നതിനെ ചൊല്ലി അവർക്കിടയിൽ തർക്കം നടന്നിരുന്നു (18:1); എന്നാൽ അവർ ചർച്ച ചെയ്തത് എന്തെന്ന് യേശു അവരോട് ചോദിക്കുകയും, അതിനു മറുപടി പറയുവാൻ അവർ ലജ്ജിക്കുകയും ചെയ്തിരുന്നു (മർ. 9:33, 34). "ആരായിരിക്കും വലിയവൻ" എന്നതിനെ കുറിച്ച് അവസാന അത്താഴസമയത്തും തർക്കം നടന്നിരുന്നു (ലൂക്കൊ. 22:24). അവർക്കിടയിലെ ആ തർക്കമായിരുന്നു യേശുവിനെ അവരുടെ കാലുകൾ കഴുകുവാൻ പ്രേരിപ്പിച്ചത് (യോഹ. 13:1–20).

**വാക്യം 25.** അപ്പൊസ്തലന്മാരുടെ നീരസത്തോട് പ്രതികരിച്ച്, **യേശു** സമാധാന കർത്താവായി പ്രവർത്തിച്ചു. ഒരിക്കൽ കൂടെ, നിഷേധ മാതൃകയായി **ജാതികളെ** എടുത്തു കാണിച്ചു (5:47; 6:7, 32; 18:17). ജാതികളുടെ രാജ്യം പോലെയല്ല തന്റെ രാജ്യം എന്ന് യേശു അവരോട് പറഞ്ഞു. ജാതികളുടെ **അധിപന്മാർ** അവരിൽ കർത്തൃത്വം ചെയ്യുന്നു എന്നും **മഹത്തുക്കൾ** – ചക്രവർത്തിമാരും, രാജാക്കന്മാരും, നാടുവാഴികളും ഉദ്യോഗസ്ഥന്മാരും – അവരുടെ മേൽ അധികാരം നടത്തുന്നു – അതായത് ഭൗമിക ഭരണകർത്താക്കൾ എന്നറിയപ്പെടുന്നു എന്നും അവൻ പറഞ്ഞു. യേശുവിന്റെ രാജ്യം അത്തരത്തിലുള്ളതല്ല.

ജാതികളുടെ എല്ലാ ഭരണാധികാരികളും എതിരാളികളായിരുന്നില്ല. വാസ്തവത്തിൽ, ദിയാസ്പോരയിൽ താമസിച്ചിരുന്ന യെഹുദന്മാരെ ബഹുമാനിക്കുകയും അവരോട് മാന്യമായി പെരുമാറുകയും ചെയ്തിരുന്നു.[24] എങ്ങനെയായാലും, പാലസ്തീനിലെ യെഹൂദന്മാരെ പലപ്പോഴും ചൂഷണം ചെയ്തിരുന്നു. യേശുവിന്റെ ആ വാക്കുകൾ അപ്പൊസ്തലന്മാരെ ഓർപ്പിച്ചത്, യെരുശലേമിൽ വന്നു പാർത്തിരുന്ന റോമാക്കാരുടെ അമിതമായ നികുതിയും, സ്വാതന്ത്ര്യം നിയന്ത്രിച്ചിരുന്നതും, നിഷ്ഠൂരശാസന നടത്തിയിരുന്ന സൈന്യത്തിന്റെ സാന്നിധ്യവുമാണ്.[25] ആളുകളുടെ മനസിൽ ഉണ്ടായിരുന്നത്, സൈന്യത്താൽ അടിച്ച്-ഒതുക്കി തങ്ങളുടെ അധികാരം ദേശത്ത് സ്ഥാപിച്ചതാണ്. ഇത് അമിതസാമാന്യവൽക്കരിക്കലായിരുന്നേക്കാം.[26] എന്നാൽ അത് അധികാരവും സ്ഥാനവും ആഗ്രഹിച്ച ശിഷ്യന്മാരുടെ അവസ്ഥയുടെ കാരണം തെളിയിക്കുന്നു.

**വാക്യങ്ങൾ 26, 27.** ജാതികളായ ഭരണാധികാരികളുടെ നിഷേധ സ്വഭാവത്തെ കാണിച്ച ശേഷം, രാജ്യത്തിന്റെ മാഹാത്മ്യമെന്ന ക്രിയാത്മകമായ സ്ഥിതി യേശു വെളിപ്പെടുത്തി കൊടുത്തു. അവൻ തന്റെ ഉപദേശത്തെ സമാന്തര പര്യായങ്ങളായിട്ടാണ് അവതരിപ്പിച്ചത്. ഒന്നാമത്തെ വരിയിലെ ആശയം രണ്ടാമത്തെ വരിയിൽ ആവർത്തിച്ചിരിക്കുന്നതായി നമുക്കു കാണാം.

**"നിങ്ങളിൽ മഹാൻ ആകുവാൻ ഇഛിക്കുന്നവനെല്ലാം**
**നിങ്ങളുടെ ശുശ്രൂഷക്കാരൻ ആകേണം,**
**നിങ്ങളിൽ ഒന്നാമൻ ആകുവാൻ ഇഛിക്കുന്നവനെല്ലാം**
**നിങ്ങളുടെ ദാസൻ ആകേണം."**

"മഹാൻ" എന്ന ഒന്നാമത്തെ വരിയിലെ വാക്ക് രണ്ടാമത്തെ വരിയിലെ "ഒന്നാമൻ" എന്നതിനു സമാന്തരമാണ്. അതുപോലെ "ശുശ്രൂഷക്കാരൻ" എന്ന

വാക്ക് "ദാസൻ" എന്ന വാക്കിന് സമാന്തരമാണ്. ഈ വാക്യത്തിൽ ശുശ്രൂഷ ക്കാരൻ എന്നതു പര്യായമായിട്ടാണ് ഉപയോഗിച്ചിരിക്കുന്നതെങ്കിലും അതിനു പ്രത്യേക അർത്ഥമാണുള്ളത്. "ശുശ്രൂഷക്കാരൻ" (*ഡയാക്കോണോസ്*), എന്നത് യജമാനന്റെ വീട്ടിൽ കൂലിക്ക് ജോലിക്കാരനെ നിയോഗിക്കുന്നതി നെയാണ് സൂചിപ്പിക്കുന്നത്, എന്നാൽ "ദാസൻ" (*ഡൗലൊസ്*) ജോലിക്ക് നി ർബ്ബന്ധിച്ച് ആക്കുന്നതിനെയാണ് അർത്ഥമാക്കുന്നത്.[27]

അധികാര സ്ഥാനമായി ലഭിക്കുന്നതല്ല ക്രിസ്തുവിന്റെ രാജ്യത്തിലെ മാഹാത്മ്യം; അത് മറ്റുള്ളവരെ ശുശ്രൂഷിക്കുന്ന അവസ്ഥയിലേക്ക് താഴുമ്പോൾ ലഭിക്കുന്നതാണ് (10:39; 16:24, 25). ഈ തത്വം പിൻപറ്റുവാൻ ക്രിസ്തുവിന്റെ അനുയായികൾക്ക് മനസിലാക്കുവാനും പരിശീലിക്കുവാനും ബുദ്ധിമുട്ട് നേരിട്ടിരുന്നു - അത് മനുഷ്യസ്വഭാവത്തിനെതിരായി നീങ്ങുകയാണെന്ന് തോന്നുന്നു. എങ്ങനെയായാലും, അത് പലപ്പോഴും സേവനമായിട്ടാണ് വന്നി ട്ടുള്ളത്. പല പുതിയനിയമ ലേഖകരും തങ്ങളെ ക്രിസ്തുവിന്റെ ദാസന്മാരാ യിട്ടാണ് പരിചയപ്പെടുത്തിയിരിക്കുന്നത് (റോമർ 1:1; ഫിലി. 1:1; യാക്കൊ. 1:1; 2 പത്രൊ. 1:1; യൂദാ. 1; വെളി. 1:1).

**വാക്യം 28**. തന്റെ ശിഷ്യന്മാർക്ക് അനുകരിക്കാവുന്ന ഒരു മാതൃകയായി ട്ടായിരുന്നു യേശു ജീവിച്ചത്: "മനുഷ്യപുത്രൻ ശുശ്രൂഷ ചെയ്യിപ്പാനല്ല, ശുശ്രൂ ഷിപ്പാനും അനേകർക്കു വേണ്ടി തന്റെ ജീവനെ മറുവിലയായി കൊടുപ്പാനും വന്നതുപോലെ തന്നെ എന്നു പറഞ്ഞു." യേശു ലോകത്തിലേക്ക് വന്നത് ന ൽകുവാനായിരുന്നു, അല്ലാതെ ഒന്നും എടുക്കേണ്ടതിനായിരുന്നില്ല. പഠിപ്പി ല്ലാത്തവരെ ഉപദേശിച്ചും, വിശപ്പുള്ളവർക്ക് ആഹാരം നൽകിയും, രോഗി കളെ സൗഖ്യമാക്കിയും, ഭൂതബാധിതരിൽനിന്നു ഭൂതത്തെ പുറത്താക്കിയും, മരിച്ചവർക്ക് ജീവൻ നൽകിയും യേശു ഏറ്റവും വലിയ മാതൃകയാണ് ന ൽകിയിരിക്കുന്നത്. അവസാനം, അവൻ പാപത്തിലായിരുന്ന മനുഷ്യവർഗ ത്തെ ദൈവത്തോട് നിരപ്പിക്കുവാൻ തന്റെ സ്വന്ത ജീവനും നൽകി. യേശു കർത്താവാണെങ്കിലും, അവന്റെ വാഴ്ച്ച ജാതികളുടെ വാഴ്ച്ചക്ക് നേരെ എതി രാണ് (20:25; ലൂക്കൊ. 22:24–27).

"ജീവൻ അനേകർക്ക് മറുവിലയായി നൽകുവാൻ" എന്ന പ്രയോഗം കഷ്ടപ്പെടുന്ന ദാസനെ കുറിച്ച് യെശയ്യാവ് പ്രവചിച്ചതിന്റെ അടിസ്ഥാനത്തി ലാണെന്നു തോന്നുന്നു: "അവൻ തന്റെ പ്രാണനെ [*സൂക്കെ*] മരണത്തിന്നു ഒഴുക്കി കളകയും ..., അനേകരുടെ [*പോള്ളോസ്*] പാപം വഹിച്ചും, അതിക്രമ ക്കാർക്ക് വേണ്ടി ഇടനിന്നുംകൊണ്ട്, അതിക്രമക്കാരോടുകൂടെ എണ്ണപ്പെടുക യാൽ തന്നെ." (യെശ. 53:12; LXX). മത്തായിയിലെ പ്രയോഗം "അനേകരുടെ [*ആന്റി*] ആയിരുന്നു നൽകിയത്." എന്നും തർജിമ ചെയ്യാം. യേശു പകരമായി അനുഷ്ഠിച്ച യാഗമായിരുന്നു എന്നു പുതിയനിയമത്തിൽ പറയുന്ന മറ്റു വേദ ഭാഗങ്ങളോട് യോജിക്കുന്നു (യോഹ. 10:11; റോമ. 4:25; 5:6–11; 2 കൊ. 5:21; ഗലാ. 3:13, 14; തിത്തൊ. 2:14; 1 പത്രൊ. 1:18, 19; 2:24; 3:18).

"മറുവില" (*ലുട്രോൺ*) എന്ന വാക്ക് തർജിമ ചെയ്തിരിക്കുന്നത്, പുതിയ നിയമത്തിൽ, ഇവിടെയും സമാന്തര വേദഭാഗമായ മർക്കൊസ് 10:45 ലും മാത്രമാണുള്ളത്. ഗ്രീക്ക് ഭാഷയിൽ അതു ഉപയോഗിച്ചിരുന്നത്, അടിമയെ പ ണം കൊടുത്തു സ്വതന്ത്രമാക്കുന്നതിനും യുദ്ധത്തടവുകാരെ മോചന ദ്രവ്യം കൊടുത്തു വിടുവിക്കുന്നതിനുമായിരുന്നു. അതുപൊലെ, പാപത്തിന്റെ അടി മത്വത്തിലായിരുന്ന ആളുകളെ സ്വതന്ത്രരാക്കുവാൻ യേശു മരിച്ചു (റോമ.

6:15-23). ബന്ധപ്പെട്ട ക്രിയ, (*ലസ്ട്രൂ*) 1 പത്രൊസ് 1:18-ൽ കാണാം, അവിടെ പറയുന്നത് വീണ്ടെടുപ്പുവില ക്രിസ്തുവിന്റെ രക്തമായിരുന്നു എന്നാണ്. ക്രിയ തിത്തൊസ് 2:14 ലും കാണാം, അവിടെ പറയുന്നത് നമ്മെ വീണ്ടെടുക്കുവാൻ യേശു തന്നെത്താൻ നമുക്ക് വേണ്ടി നൽകി എന്നാണ്. (ബന്ധപ്പെട്ട മറ്റു വാക്കുകൾക്ക് നോക്കുക, റോമ. 3:24; എഫെ. 1:7; 1 തിമൊ. 2:6; എബ്രാ. 9:12.)

"മറുവില" എന്ന ആശയം ഒരു ചോദ്യം ഉയർത്തുന്നു: "ആർക്കാണ് അവൻ മറുവില നൽകിയത്?" സാത്താനാണോ? അതോ ദൈവത്തിനോ? ശരിയായ ഉത്തരം ദൈവത്തിന് എന്നതാണ്. എഫ്. ബുച്ച്സേൽ ശക്തമായി ഈ കാഴ്ച്ചപ്പാട് നൽകി:

> ... മറുവില സ്വീകരിച്ചത് ദൈവമാണ്. യേശു മരിച്ചപ്പോൾ ദൈവത്തെയായിരുന്നു ശുശ്രൂഷിച്ചിരുന്നത്. തന്റെ മകനിൽനിന്നു ദൈവം കഷ്ടത ആവശ്യപ്പെട്ടിരുന്നു. ദൈവം അവനെ ദണ്ഡിപ്പിച്ചു. അപ്പോൾ പിശാചിന്നു വില കൊടുത്തു എന്നതു ശരിയല്ല. മർക്കൊസിലേയും മത്തായിയിലേയും വൈകാരിക സംഭവത്തിൽ സാത്താൻ വരുന്നില്ല. മരണത്തിലേക്ക് നീങ്ങിയ യേശുവിനെ വഴിതിരിച്ചുവിടുവാനായിരുന്നു സാത്താൻ ശ്രമിച്ചത്, മർ. 8:33; മത്താ. 16:23. അനേകരെ സാത്താന്റെ അടിമത്വത്തിൽനിന്നു വിടുവിക്കുവാൻ, യേശുവിന്റെ ശക്തിയെന്ന ദൈവത്തിന്റെ ആശയത്തോട് തുലനം ചെയ്യാവുന്ന മറ്റൊന്നില്ല. ആ ആശയം അവരെ ദൈവത്തോടുള്ള കടപ്പാടിൽനിന്നു മുക്തമാക്കുകയാണ്.[28]

"അനേകർ" എന്ന പ്രയോഗം, യേശുവിന്റെ മരണം കുറെ പേർക്ക് മാത്രമായിരുന്നു ("നിയന്ത്രിത പ്രായശ്ചിത്തബലി") എന്ന് തെറ്റിദ്ധരിക്കപ്പെട്ടിട്ടുണ്ട്. ഇവിടെ ഉപയോഗിച്ചിരിക്കുന്നത് എബ്രായ പ്രയോഗമാണ്, അർത്ഥം "എല്ലാവർക്കും" എന്നാണ് (26:28; എബ്രാ. 9:28).[29] പുതിയനിയമത്തിലെ മറ്റു വേദഭാഗങ്ങൾ പഠിപ്പിക്കുന്നത്, യേശുവിന്റെ യാഗം സാർവ്വദേശീയമായിരുന്നു എന്നാണ് (യോഹ. 1:29; 3:16; 2 കൊ. 5:14, 15; 1 തിമൊ. 2:3-6; തിത്തൊ. 2:11; 1 യോഹ. 2:1, 2). പ്രത്യേകമായി, 1 തിമൊ. 2:6 പറയുന്നത്, യേശു "എല്ലാവർക്കും വേണ്ടി തന്നെത്താൻ മറുവിലയായി [ആന്റിലുസ്ട്സ്] കൊടുത്തു" എന്നാണ്. എല്ലാവരും യേശുവിന്റെ മരണഫലം സ്വീകരിക്കുകയില്ലെങ്കിലും, അവൻ മരിച്ചത് എല്ലാവർക്കും വേണ്ടിയായിരുന്നു.

ചുരുക്കി പറഞ്ഞാൽ, യേശുവിന്റെ മരണത്തെ കുറിച്ചുള്ള മൂന്നു സത്യമാണ് വാക്യം 28 പഠിപ്പിക്കുന്നത്. (1) യേശു സ്വയമായി ഏൽപിച്ചുകൊടുത്ത ഒരു പ്രവൃത്തിയായിരുന്നു അത്. (2) സ്വയമായി ദൈവത്തെ അനുസരിക്കാമായിരുന്നിട്ടും, കഴിയാത്തവർക്കായി പകരം ചെയ്ത ഒരു പ്രവൃത്തിയായിരുന്നു. (3) അത് സർവ്വ ലോകത്തിനുമായി, സർവ്വദേശിയമായി ചെയ്ത ഒരു പ്രവൃത്തിയായിരുന്നു.[30]

## രണ്ടു കുരുടന്മാരുടെ കാഴ്ച്ച യഥാസ്ഥാനപ്പെടുത്തി (20:29-34)

**[29]അവർ യെരീഹോവിൽനിന്നു പുറപ്പെട്ടപ്പോൾ, വലിയോരു പുരുഷാരം**

**അവനെ അനുഗമിച്ചു. [30]അപ്പോൾ വഴിയരികെ ഇരിക്കുന്ന രണ്ടു കുരുടന്മാർ യേശു കടന്നു പോകുന്നത് കേട്ടു. "കർത്താവേ, ദാവീദ്പുത്രാ, ഞങ്ങളോട് കരുണ തോന്നേണമേ" എന്നു നിലവിളിച്ചു. [31]മിണ്ടാതിരിപ്പാൻ പുരുഷാരം അവരെ ശാസിച്ചപ്പോൾ, അവർ, "കർത്താവേ, ദാവീദ് പുത്രാ ഞങ്ങളോട് കരുണ തോന്നേണമേ" എന്നു അധികം നിലവിളിച്ചു. [32]യേശു നിന്നു അവരെ വിളിച്ചു, "ഞാൻ നിങ്ങൾക്ക് എന്തു ചെയ്യേണമെന്നു നിങ്ങൾ ഇഛിക്കുന്നു" എന്നു ചോദിച്ചു. [33]"കർത്താവേ, ഞങ്ങൾക്കു കണ്ണു തുറന്നു കിട്ടേണം" എന്നു അവർ പറഞ്ഞു. [34]യേശു മനസലിഞ്ഞു അവരുടെ കണ്ണു തൊട്ടു; ഉടനെ അവർ കാഴ്ച്ച പ്രാപിച്ചു അവനെ അനുഗമിച്ചു.**

ശുശ്രൂഷയെ കുറിച്ച് ഉപദേശിച്ച ശേഷം (20:25–28). യേശു ഫലത്തിൽ, രണ്ടു കുരുടന്മാരെ സൗഖ്യമാക്കി കാണിച്ചു കൊടുത്തു. യെരുശലേമിൽ തനിക്ക് അനുഷ്ഠിപ്പാനുള്ള പ്രവൃത്തിയിലായിരുന്നു യേശു ശ്രദ്ധിച്ചിരുന്നതെങ്കിലും, അവൻ നിന്നു ആവശ്യമുള്ളവരോട് മനസലിവ് കാണിച്ചു.

**വാക്യം 29.** യേശുവും ശിഷ്യന്മാരും യെരിഹോ വിട്ടു പോകുമ്പോഴായിരുന്നു ആ രണ്ടു കുരുടന്മാരെ സൗഖ്യമാക്കിയത്. അതിനു മുൻപ് യേശു "യോർദ്ദാനക്കരെ" പെറിയയിൽ ആയിരുന്നുവെന്നും (19:1), പിന്നെ യെരുശലേമിലേക്ക് യാത്ര ചെയ്യുന്നതായും നാം കണ്ടു (20:17). ഈ സമയത്ത്, അവൻ പെറിയ വിട്ട്, യോർദ്ദാൻ നദി കടന്നു യെഹൂദ്യയിലേക്ക് നീങ്ങി. യോർദ്ദാനിൽനിന്നു അഞ്ചു മൈൽ പടിഞ്ഞാറായി സ്ഥിതി ചെയ്തിരുന്ന യെരിഹോവിലെത്തി. കർത്താവ് കീഴ്ക്കാന്തൂക്കായി കയറ്റവും, കാറ്റുമുള്ള വഴിയിൽ കൂടെയായിരുന്നു യേരുശലേമിലേക്ക് പോയത്; കുത്തനെ കുന്നുപോലെ കിടക്കുന്ന സ്ഥലത്തിന്റെ ഉയരം ഏതാണ്ട് 2,600 അടിയായിരുന്നു. മൈക്കിൾ ജെ. വിൽക്കിൻസ്, ആ യാത്രക്ക് ഉദ്ദേശം ആറു മുതൽ എട്ടു മണിക്കൂർ വരെ വേണ്ടി വരുമെന്നായിരുന്നു പറഞ്ഞത്; അതുകൊണ്ട് യേശുവും ശിഷ്യന്മാരും, തങ്ങളുടെ ലക്ഷ്യസ്ഥാനത്ത് രാത്രിക്കു മുമ്പ് എത്തുവാൻ കിണഞ്ഞു പരിശ്രമിച്ചിരുന്നു.[31]

അടിക്കടിയുണ്ടാകാറുള്ള മോഷണവും പിടിച്ചുപറിയും നിമിത്തം യെരിഹോവിൽനിന്നും യെരുശലേമിലേക്കുള്ള യാത്ര ദുഷ്ക്കരമായിരുന്നു (ലൂക്കൊ. 10:30). മലയിടുക്കിലും പാറക്കടിയിലും പതിയിരുന്ന് കൊള്ളക്കാർ, പ്രതിരോധിക്കുവാൻ കഴിവില്ലാത്ത യാത്രക്കാരെ ആക്രമിക്കും. വലിയ സംഘമായി യാത്ര ചെയ്യുന്നവർക്ക് ഭയപ്പെടുവാനില്ലായിരുന്നു.

ഈ സംഭവത്തെ സംക്ഷിപ്ത സുവിശേഷ വിവരണങ്ങളിൽ താരതമ്യം ചെയ്യുമ്പോൾ, ശിഷ്യന്മാരും യേശുവും ആയിരുന്ന സ്ഥലത്തെ സംബന്ധിച്ച് ഒരു ചോദ്യം ഉയരുന്നു. അവർ യെരീഹോ വിട്ടുപോകുമ്പാഴായിരുന്നു കുരുടന്മാരെ കണ്ടുമുട്ടിയത് എന്നു മത്തായി പറയുന്നു, എന്നാൽ ലൂക്കൊസ് പറയുന്നത് "അപ്പോൾ യേശു യെരീഹോവിനോട് സമീപിക്കുകയായിരുന്നു" എന്നാണ് (ലൂക്കൊ 18:35). ആ സ്പഷ്ടമായ വ്യത്യാസം, അന്നു രണ്ട് യെരീഹോ ഉണ്ടായിരുന്നു എന്നറിയുമ്പോൾ ഇല്ലാതാകും.

ആ പഴയനിയമ പട്ടണം യോശുവയുടെ കാലത്ത് നശിപ്പിക്കപ്പെടുകയും (യോശു. 6), പിന്നീട്, പുനർനിർമ്മാണം നടത്തുകയും ചെയ്തിരുന്നു (1 രാജാ. 16:34). അത് ക്രിസ്തുവിന്റെ കാലത്തും ഉണ്ടായിരുന്നു.

രണ്ടു നിയമങ്ങൾക്കിടയിലുള്ള കാലയളവിൽ, ഹസ്മോനിയക്കാർ

അവരുടെ രാജധാനിക്കുചുറ്റും ഒരു പുതിയ പട്ടണം പണിതു. അത് പഴയ പട്ടണത്തിൽ നിന്നും ഒരു മൈൽ അകലെയായിരുന്നു. പിന്നീട്, മഹാനായിരുന്ന ഹെരോദാവ് അടുത്തുള്ള മൂന്നു രാജധാനികളെ ഹസ്മോനിയ രാജധാനിയോട് ചേർത്തു വിപുലമാക്കി. അതു താഴ്ന്ന പ്രദേശമായിരുന്നതിനാൽ, ശൈത്യകാലത്ത് തണുപ്പു കുറവായതിനാൽ, അദ്ദേഹം അവിടെ താമസിക്കുവാൻ ഇഷ്ടപ്പെട്ടിരുന്നു.[32] ആ രാജധാനികളിൽ, ഒരു സ്വീകരണ ഹാളും, റോമൻ ബാത്ത് റൂമും, മനോഹരമായ ഉദ്യാനങ്ങളും, നീന്തൽ കുളവും, വലിയ മുറ്റങ്ങളും ഉണ്ടായിരുന്നു. ഹെരോദാവ് ഒരു തിയേറ്ററും പണിതിരുന്നു, അവിടെ കുതിരകളും രഥങ്ങളും, ജിംനേഷ്യവും ഉണ്ടായിരുന്നു. റോസാ ചെടികളുടെ ഉദ്യാനത്താലും, പനകളാലും, ആ രാജധാനി സുഖകരമാക്കിയിരുന്നു. ഈ രാജധാനി മിസ്രയിം രാജ്ഞിയായിരുന്ന ക്ലിയോപാട്രക്ക് തനിക്ക് അവളോടുള്ള സ്നേഹത്തിന്റെ അടയാളമായി നൽകി.[33]

സ്പഷ്ടമായി, യേശു പഴയ യെരീഹോ വിട്ടു പുതിയ യെരീഹോവിലേക്ക് പ്രവേശിക്കുമ്പോഴായിരുന്നു കുരുടന്മാരെ കണ്ടുമുട്ടിയത്. കർത്താവ് യാത്ര ചെയ്തുകൊണ്ടിരുന്നപ്പോൾ, വലിയോരു പുരുഷാരം അവനെ അനുഗമിച്ചിരുന്നു. പെസഹാ പെരുന്നാൽ അടുത്തിരുന്ന സമയമായിരുന്നതിനാൽ, ധാരാളം തീർത്ഥാടകരും അതുവഴി യെരുശലേമിലേക്ക് യാത്ര ചെയ്തിരുന്നു. പുതിയ യെരുശലേമിലേക്കുള്ള മുഖ്യ പാതയായിരുന്നതുകൊണ്ട്, ഭിക്ഷ യാചിക്കുവാൻ പറ്റിയ സ്ഥലമായിരുന്നു അത് (ലൂക്കൊ. 18:35 നോക്കുക). പെരുന്നാളിനു പോകുകയായിരുന്ന മിക്ക തീർത്ഥാടകരും വളരെ സന്തോഷത്തിലായിരുന്നു, അവരുടെ യാത്രയുടെ ചെലവിനായി ധാരാളം പണവും അവർ കരുതുമായിരുന്നു.

**വാക്യം 30**. ആ രണ്ടു കുരുടന്മാർ വഴി വക്കിൽ ഇരിക്കുകയായിരുന്നു എന്നാണ് മത്തായി പറയുന്നത്. “തിമായിയുടെ മകനായ ബർത്തിമായി” എന്ന ഒരാളെ കുറിച്ചു മാത്രമാണ് ലൂക്കൊസ് 18:35 ലും മർക്കൊസ് 10:46 ലും പറയുന്നത്. തിരുവെഴുത്തിലെ വൈപരീത്യമായി ചിലർ ഇതിനെ എടുത്ത് കാണിക്കുന്നുണ്ട്. എങ്ങനെയായാലും, ഇവിടെ വാസ്തവത്തിൽ വ്യത്യാസമില്ല, കാരണം മർക്കൊസിലും ലൂക്കൊസിലും യേശു ഒരു കുരുടനെ മാത്രം സൗഖ്യമാക്കി എന്നു പറയുന്നില്ല. ഈ വിവരണക്കാർ, ഒരാളെ ശ്രദ്ധിച്ച് ഊന്നൽ കൊടുത്തിരിക്കുന്നു എന്നു മാത്രം. ബർത്തിമായി എന്നു പേർ പറഞ്ഞിരിക്കുന്നതിലും കുഴപ്പമില്ല. ഈ ഭാഗത്തു പറയുന്ന രണ്ടു കുരുടന്മാരിൽ ഇവൻ ഒരുപക്ഷെ കൂടുതൽ വായാടി ആയിരുന്നേക്കാം.[34] എല്ലാ വിശദാംശങ്ങളും നമുക്ക് ലഭിക്കുകയാണെങ്കിൽ, മൂന്നു സംക്ഷിപ്ത സുവിശേഷങ്ങളും പരസ്പരം യോജിക്കുന്നതായി കാണുവാൻ കഴിയും.

ഇതുപോലെയുള്ള സാഹചര്യങ്ങളിൽ, മത്തായി കൂടുതൽ പൂർണ്ണമായ വിവരണം നൽകുന്നതായി നമുക്ക് കാണാം. അവൻ രണ്ടു ഭൂതബാധിതരെയും (ഒന്നിന് എതിരായി), കഴുതയെയും അതിന്റെ കുട്ടിയേയും (കഴുത കുട്ടി എന്നു മാത്രം പറയാതെ; 8:28; 21:2 ന്റെ പരാമർശം നോക്കുക) എന്നു പറഞ്ഞിരിക്കുന്നു. ഇതു രണ്ടാം പ്രാവശ്യമാണ് മത്തായി രണ്ട് കുരുടന്മാരുടെ സംഭവം പറഞ്ഞിരിക്കുന്നത് (9:27-31).

യേശു കടന്നുപോകുന്നത് രണ്ട് പേർ കേട്ടപ്പോൾ, അവർ ഉച്ചത്തിൽ നിലവിളിച്ചു, “കർത്താവേ, ദാവീദ് പുത്രാ ഞങ്ങളോട് കരുണ തോന്നേണമേ!” “ദാവീദ് പുത്രൻ” (1:1; 9:27; 15:22) എന്നത് മശിഹയുടെ പേരായിരുന്നു. കുരു

ടന്നു കാഴ്ച്ച ലഭിക്കുന്നത് മശിഹയുടെ ആവിർഭാവത്തിൽ സംഭവിക്കേണ്ടതായിരുന്നു (യെശ. 29:18; 35:5; 42:7; 11:5 ന്റെ പരാമർശം നോക്കുക).

**വാക്യം 31.** കുരുടന്മാരുടെ നിലവിളിയോട് പ്രതികരിച്ച് പുരുഷാരം അവരോട് മിണ്ടാതിരിപ്പാൻ കൽപിച്ചു. അപ്പൊസ്തലന്മാർ യേശുവിന്റെ അടുക്കൽ കുട്ടികളെ കൊണ്ടുവന്നവരോട് അവർ പ്രതികരിച്ചതുപോലെയായിരുന്നു ഈ പുരുഷാരവും ചെയ്തത് (19:13). സാമൂഹ്യമായി അപ്രസക്തരായവർക്കു വേണ്ടി സമയം ചെലവിടുവാൻ യേശു തയ്യാറായിരിക്കുകയില്ല എന്നാണ് അവർ വിചാരിച്ചത്. പുരുഷാരം വിലക്കിയപ്പോൾ, കുരുടന്മാർ കൂടുതൽ നിലവിളിക്കുവാൻ തുടങ്ങി.

**വാക്യം 32.** ആ നിരാശരായ മനുഷ്യരെ സഹായിക്കുന്നതിന് തനിക്കിടയിൽ തടസമായി തീരുവാൻ അവൻ പുരുഷാരത്തെ അനുവദിച്ചില്ല. സംഭവിച്ചത് അവൻ കേൾക്കുകയും കാണുകയും ചെയ്കയാൽ, നിന്നു കുരുടരായ പുരുഷന്മാരെ കൊണ്ടുവരുവാൻ കൽപിച്ചു. പിന്നെ അവനെ നിരുൽസാഹപ്പെടുത്തിയവർ പ്രോൽസാഹിപ്പിക്കുന്നവരായി തീർന്നു പറഞ്ഞു, "ധൈര്യപ്പെടുക, എഴുന്നേൽക്ക, നിന്നെ വിളിക്കുന്നു" (മർ. 10:49). കർത്താവ് രണ്ടുപേരോടും ചോദിച്ചു, "ഞാൻ നിങ്ങൾക്ക് എന്തു ചെയ്തു തരേണം?" അവരുടെ ആവശ്യം എന്തെന്ന് അവന് അറിയാമായിരുന്നു, എങ്കിലും അവരിൽനിന്നും അത് കേൾക്കുവാൻ അവൻ ആഗ്രഹിച്ചു.

**വാക്യങ്ങൾ 33, 34.** കുരുടന്മാർ അവനോട് പറഞ്ഞു, "കർത്താവേ, ഞങ്ങൾക്ക് കണ്ണു തുറന്നു തരേണമേ." യേശു മനസലിഞ്ഞു (9:36; 14:14; 15:32; 18:27) അവരുടെ കണ്ണു തൊട്ടു; ഉടനെ അവർ കാഴ്ച്ച പ്രാപിച്ചു. മർക്കൊസ് പറഞ്ഞതനുസരിച്ച്, അവൻ ബർത്തിമായിയോട് പറഞ്ഞു, "പോക, നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു" (മർ. 10:52). കുരുടന്മാരായിരുന്ന പുരുഷന്മാർ (പുരുഷൻ) കാഴ്ച്ച പ്രാപിച്ചപ്പോൾ യേശുവിനെ അനുഗമിച്ചു എന്നാണ് മൂന്നു സുവിശേഷ വിവരണങ്ങളും പറയുന്നത് (മർ. 10:52; ലൂക്കൊ. 18:43).

## പാഠങ്ങൾ

### തോട്ടത്തിലെ വേലക്കാരുടെ ഉപമ (20:1-16)

ദൈനന്തിന ജീവിതത്തിൽ, നമുക്ക് ലഭിക്കുന്ന പ്രതിഫലം എന്തായാലും അതു ദൈവകൃപയാലാണ് ലഭിക്കുന്നതെന്ന ചിത്രീകരണമാണ് യേശു തോട്ടത്തിലെ വേലക്കാരുടെ ഉപമയിൽ പുരാതന യിസ്രായേലിനെ പഠിപ്പിച്ചത്. ദൈവത്തിനു യോജിച്ച വിധത്തിലാണ് ദൈവം ആളുകൾക്ക് പ്രതിഫലം നൽകുന്നത്. ഉടയവൻ എന്നതു ദൈവത്തെയാണ് പ്രതിനിധീകരിക്കുന്നത്; അഞ്ചുവിധത്തിലുള്ള വേലക്കാരോടും അവൻ ന്യായമായാണ് പ്രവർത്തിക്കുന്നത്, കാരണം ഓരോ സംഘത്തോടും അവൻ പറഞ്ഞൊത്തവണ്ണം പ്രവർത്തിച്ചു. അതുപോലെ, നമ്മോട് വാഗ്ദാനം ചെയ്തതുപോലെ തന്നെ ദൈവം പ്രവർത്തിക്കും.

തന്റെ തോട്ടത്തിൽ വേലക്കായിട്ടായിരുന്നു ഉടയവൻ അവരെ വിളിച്ചത്. എല്ലാവരേയും, ദൈവം തന്റെ രാജ്യമാകുന്ന സഭയിലേക്ക് ക്ഷണിക്കുന്നതും, വിശ്വസ്തതയോടെ വേല ചെയ്യുന്നവർക്ക് പ്രതിഫലം ലഭിക്കുമെന്നതും ഈ ഉപമയിൽ കാണിച്ചു തരുന്നു. പതിനൊന്നാം-മണി നേരം വന്നവനേക്കാൾ ഒന്നാം-മണി നേരത്തിൽ വന്നവൻ കൂടുതൽ നന്ദിയുള്ളവനാണോ? അങ്ങനെ

തോന്നിയേക്കാം, എന്നാൽ ദൈവ കൃപയാൽ അവസാന നിമിഷം പ്രവേശി ക്കുന്നവനാണ് കൂടുതൽ അനുമോദിക്കപ്പെടുന്നത്.

തോട്ടമുടയവൻ തന്റെ തന്നെ തോട്ടത്തിലാണ് കൂലിക്കാരെ നിയോഗിച്ചത്, അല്ലാതെ അയൽക്കാരന്റെ തോട്ടത്തിലല്ല. സ്വർഗരാജ്യം എന്നത് സഭയാണ്, അത് ഇന്നു നിലനിൽക്കുന്നു. വേലക്കാർക്ക് മൽസരിക്കുവാൻ ഇന്ന് അനേ കം "തോട്ടങ്ങളുണ്ട്." അവയെല്ലാം ഒരുപോലെയല്ല. ദൈവത്തിന്റെ തോട്ടം തിരുവെഴുത്തിൽനിന്നു തിരിച്ചറിയാം. തോട്ടത്തിൽ വേലക്ക് വിളിച്ചിരിക്കുന്ന വേലക്കാർക്ക് പ്രതിഫലമുണ്ട്. തോട്ടത്തിൽ അവന്റെ ഇഷ്ടം ചെയ്യാത്ത വേല ക്കാർക്ക് പ്രതിഫലം ലഭിക്കുകയില്ല. നാം കർത്താവിന്റെ തോട്ടത്തിലാണ് വേല ചെയ്യുന്നതെന്നു തീർച്ചയാക്കണം.

ആർക്കും ദൈവത്തോട് വിലപേശുവാൻ കഴിയുകയില്ല. അവൻ ന്യായ മായതു ചെയ്യുമെന്ന് അവന്റെ വചനത്തിൽ അരുളിച്ചെയ്തിരിക്കുന്നത് നാം വിശ്വസിക്കണം (ഉല്. 18:25). യേശു പറഞ്ഞു, "ദോഷികളായ നിങ്ങൾ നി ങ്ങളുടെ മക്കൾക്ക് നല്ല ദാനങ്ങളെ കൊടുപ്പാൻ അറിയുന്നു എങ്കിൽ, സ്വർഗ സ്ഥനായ നിങ്ങളുടെ പിതാവ് തന്നോട് യാചിക്കുന്നവർക്ക് നന്മ എത്ര അധികം കൊടുക്കും?" (7:11; ലൂക്കൊ. 11:13 നോക്കുക). റോമർ 5:9-20 ലെ മുഖ്യ പ്ര യോഗം "എത്ര അധികം" എന്നതാണ്. നമ്മുടെ യോഗ്യതക്കപ്പുറമായി വള രെയധികം നൽകുന്നവനാണ് ദൈവം. അവൻ നീതിമാനും, കരുണാകരനും കൃപാനിധിയുമാണ്; നമുക്ക് എല്ലാവർക്കും ഏറ്റവും നല്ലത് അവൻ ചെയ്യും.

**തോട്ടത്തിന്റെ ഉപമയിൽനിന്നു പഠിക്കൽ (20:1-16)**

അദ്ധ്യായം 19 ന്റെ അവസാന വാക്യം പരിചയപ്പെടുത്തുന്നത് തോട്ടത്തിലെ വേലക്കാരുടെ ഉപമയാണ്. ഉപമയും അതിൽ നൽകിയിരിക്കുന്ന കാരണ ങ്ങളും നാം ശരിയായി വ്യാഖ്യാനിക്കണം.

*സംഭവം പറഞ്ഞു.* ഉടയവൻ തന്റെ തോട്ടത്തിൽ വേലക്കായി ദിവസ ത്തിന്റെ വ്യത്യസ്ത സമയത്തും വ്യത്യസ്ത കാരാറിന്മേലും വിളിച്ചു നിയോ ഗിച്ചു. ദിവസം അവസാനിച്ചപ്പോൾ വേലക്കാർക്ക് കൂലി തീർത്തു കൊടുക്കു വാൻ കൽപിച്ചു.

*ചില പാഠങ്ങൾ നിരീക്ഷിച്ചു.* നാം ദൈവത്തോട് വിലപേശുവാൻ ശ്രമി ക്കരുത്. സ്വീകരിക്കേണ്ടതിന്റെ മാനദണ്ഡം അവൻ നിശ്ചയിച്ചിരിക്കുന്നു. കൂടാതെ, രാജ്യത്തിലെ മറ്റു വേലക്കാരുമായി നമ്മെ താരതമ്യം ചെയ്യരുത്. അവരുടെ ഉദ്ദേശങ്ങളെ നാം മോശമായി കാണുകയോ, അവർക്ക് ലഭിക്കുന്ന അനുഗ്രഹങ്ങളിൽ അസൂയാലുക്കളാകുകയോ ചെയ്യരുത്.

ദൈവം ന്യായവും കരുണയും ഉള്ളവനാണ്.

**വേലയോടുള്ള മനോഭാവം (20:1-16)**

ദൈവരാജ്യത്തിലെ വേലക്കാരുടേയും ദാസന്മാരുടേയും മനോഭാവ വ്യത്യാസങ്ങൾ ഉപമയിൽ എടുത്തു കാണിക്കുന്നു. ശമ്പളത്തിനു വേണ്ടി വേല ചെയ്യുന്നവർക്ക് അൽപം തൃപ്തിയും അൽപം സന്തോഷവുമേ ലഭി ക്കുകയുള്ളു. അവരുടെ ഉൽപാദനത്തെയോ ജോലിയുടെ സ്വഭാവത്തെയോ ചോദ്യം ചെയ്യാത്തത് പ്രയാസമുളവാക്കുന്നു.

സമയം-നോക്കുന്നവർ സമയത്തിലാണ് ശ്രദ്ധിക്കുന്നത്, ആവശ്യപ്പെടു ന്നതിലോ പ്രതീക്ഷിക്കുന്നതിലോ അധികം ചെയ്യുവാൻ മടിക്കുന്നവരാണ്

അത്തരക്കാർ. വേറെ-ചിലർ ആളുകളെ-നോക്കുന്നവരാണ്. തങ്ങൾക്ക് കഴിയുന്നത്ര നന്നായി ചെയ്യണമെന്ന ആഗ്രഹത്തേക്കാൾ അവർ മറ്റുള്ളവർ എങ്ങനെ ജോലി ചെയ്യുന്നു എന്നു നോക്കി ചെയ്യുന്നവരാണ്. മറ്റു ജോലിക്കാർക്ക് നല്ല ശമ്പളം നൽകുകയോ, നല്ല രീതിയിൽ അവരോട് പെരുമാറുകയോ, അവർക്ക് മികച്ച സ്ഥാനങ്ങൾ നൽകുകയോ ചെയ്യുമ്പോൾ അവർക്ക് നീരസമുണ്ടാകും. അവർ തങ്ങളുടെ ഉൽപാദനങ്ങളിൽ അല്ലെങ്കിൽ നേട്ടങ്ങളിൽ അഹങ്കരിക്കുന്നവരായിരിക്കും. ചിലപ്പോൾ അവർ പറയും, "ശമ്പളം തന്നില്ലെങ്കിലും ഞാൻ ഇതു ചെയ്യുമായിരുന്നു." ചിലർ അവരോട് ചെയ്യുവാൻ ആവശ്യപ്പെടുന്നതിനപ്പുറം പോകും. അവർക്ക് ജോലി എന്നത് ഒരു പ്രവൃത്തി മാത്രമല്ല, ഒരു ദൗത്യം കൂടെയാണ്. അവർ തങ്ങളുടെ സഹപ്രവർത്തകരുടെ വിജയത്തിൽ അഭിനന്ദിക്കുകയും, അവരുടെ സന്തോഷത്തിൽ പങ്ക് ചേരുകയും ചെയ്യും.

**പ്രാമുഖ്യമോ അതോ ശുശ്രൂഷയോ? (20:20-28)**

യാക്കൊബിന്റേയും യോഹന്നാന്റേയും അമ്മ യേശുവിന്റെ അടുക്കൽ വന്നു സ്വാർത്ഥമായ ഒരു ആവശ്യം ഉന്നയിച്ചു. അവന്റെ രാജ്യത്തിൽ, തന്റെ മക്കളിൽ ഒരാൾ യെശുവിന്റെ ഇടത്തും മറ്റൊരുത്തൻ വലത്തും ഇരിക്കുവാൻ അനുവദിക്കണം എന്നതായിരുന്നു ശലോമിയുടെ ആവശ്യം. അപ്പൊസ്തലന്മാർ പന്ത്രണ്ടു സിംഹാസനങ്ങളിൽ ഇരുന്നു യിസ്രായേൽ ഗോത്രം പന്ത്രണ്ടിനേയും ന്യായം വിധിക്കുമെന്ന് അവൻ പത്രൊസിനോട് പറഞ്ഞശേഷമായിരുന്നു അവൾ ആ ആവശ്യവുമായി വന്നത്. ആ ചോദ്യം യേശുവിന് ഒരു പാഠം പഠിപ്പിക്കുവാനുള്ള അവസരം ഒരുക്കി; യഥാർത്ഥ മാഹാത്മ്യം ശുശ്രൂഷയിലാണെന്ന് അവൻ പഠിപ്പിച്ചു.

*രണ്ട് മക്കളിലുള്ള അമ്മയുടെ അഹംഭാവം* (20:20–23). അഹംഭാവമുണ്ടായിരുന്ന, ശലോമി തന്റെ മക്കൾക്ക് രാജ്യത്തിൽ പ്രമുഖസ്ഥാനം വേണമെന്ന് ആഗ്രഹിച്ചു. അവൾ ചോദിച്ചത് എന്തെന്ന് മനസിലാക്കാതെയാണെന്നായിരുന്നു യേശു അവളുടെ ചോദ്യത്തോട് പ്രതികരിച്ചത്.

*കോപിഷ്ഠരായ പത്ത് ഉപദേഷ്ടാക്കന്മാർ* (20:24–28). എന്തുകൊണ്ടായിരുന്നു മറ്റു പത്ത് അപ്പൊസ്തലന്മാർ കോപിച്ചത്? ആ രണ്ട് അപ്പൊസ്തലന്മാർ തങ്ങളേക്കാൾ മുകളിലാകുന്നത് അവർക്ക് ഇഷ്ടമായിരുന്നില്ല. ആ നിഗള-ഭാവമുണ്ടായിരുന്ന ഉപദേഷ്ടാക്കന്മാരെ യേശു നിഷ്പ്രഭമാക്കി. അവൻ ശുശ്രൂഷാതത്വം മാതൃകയിലൂടെ അവർക്ക് കാണിച്ചു കൊടുത്തു: അവൻ വന്നത് ശുശ്രൂഷിപ്പാനും, അവസാനം പാപികളുടെ മറുവിലയായി മരിപ്പാനുമായിരുന്നു.

**മൂപ്പന്മാരും മുഖ്യാസനങ്ങളും (20:20-28)**

തന്റെ രാജ്യത്തിൽ പ്രമുഖ സ്ഥാനങ്ങളില്ലെന്ന്, യാക്കൊബിന്റേയും യോഹന്നാന്റേയും അമ്മയോടും, പ്രത്യേകിച്ച് ആ രണ്ട് അപ്പൊസ്തലന്മാരോടും വ്യക്തമാക്കി കൊടുത്തു (മർ. 10:38–40). ഒരാൾ "എല്ലാവരേയും കർത്തൃത്വം" നടത്തുന്ന വിധത്തിലാണ് അവന്റെ രാജ്യം പ്രവർത്തിക്കുന്നത്. സഭയിൽ മൂപ്പന്മാർ "ഭരിക്കുന്നു" (1 തിമൊ. 5:17; എബ്രാ. 13:7, 17), എന്നാൽ [അവർക്ക്] തങ്ങളുടെ ചുമതലയിലായവരിൽ "കർത്തൃത്വം നടത്തുവാൻ അവകാശമില്ല" (1 പത്രൊ. 5:3). പിന്നെ ഏതർത്ഥത്തിലാണ് അവർ ഭരിക്കുന്നത്? "ഭരിക്കുക" എന്ന വാക്കിന് "മേൽനോട്ടം വഹിക്കുക," "നടത്തുക,"

“വഴി നടത്തുക” എന്നാണ് അർത്ഥം. വിശ്വാസ കാര്യത്തിൽ മൂപ്പന്മാർക്ക് നിയമപരമായ അധികാരമുണ്ട്. നിയമകർത്താവ് ദൈവം മാത്രമാണ് (യാക്കൊ. 4:12). തെറ്റും ശരിയും വേർതിരിച്ചു മനസിലാക്കി ഇടവകയെ നയിക്കുവാൻ പരിജ്ഞാനമുള്ളവനായിരിക്കണം ഒരു സഭാദ്ധ്യക്ഷൻ. വിധിക്കുന്ന കാര്യത്തിലോ, തീരുമാനങ്ങൾ എടുക്കുമ്പോഴോ അയാൾ തിരുവെഴുത്തിന്റെ അടിസ്ഥാനത്തിലായിരിക്കണം എടുക്കേണ്ടത്.

**ദാസ്യ നായകത്വം (20:20-28)**

തങ്ങളുടെ അധികാരം സ്വാർത്ഥതക്കായി ഉപയോഗിച്ചിരുന്ന ജാതികളുടെ നായകത്വ ശൈലിയെ യേശു കുറ്റപ്പെടുത്തിയിരുന്നു. അതിൽനിന്നു വ്യത്യസ്തമായി തന്റെ അനുയായികൾ ശുശ്രൂഷ തിരഞ്ഞെടുക്കുവാനായിരുന്നു അവൻ ആഹ്വാനം ചെയ്തത്. പലരും ഇന്ന്, വിജയ ശ്രേണിയിലെത്തുവാൻ ആഗ്രഹിക്കുന്നത്, വലിയ പദവി, ഉയർന്ന ശമ്പളം, ഉയർന്ന അധികാരം, കൂടുതൽ അംഗീകാരം എന്നിവ നേടിക്കൊണ്ടാണ്. അവരുടെ ജോലിയെല്ലാം അവരെ കുറിച്ചുള്ളതാണ്. പകരം, മറ്റുള്ളവരെ സഹായിക്കുവാനാണ്. മറ്റുള്ളവരെ സഹായിക്കുകയും, അവരെ ക്രിസ്തുവിലേക്ക് നയിക്കുകയും ചെയ്യുന്നതാണ് യഥാർത്ഥ ജീവിതം എന്നു പറയുന്നത്. ജീവിതം എന്നത് വാസ്തവത്തിൽ നമ്മെ കുറിച്ചുള്ളതല്ല, പിന്നെയോ ഈ ലോകത്തിൽ വരുത്തുവാൻ കഴിയുന്ന മാറ്റമാണ്.

ഡേവിഡ് സ്റ്റുവർട്ട്

---

കുറിപ്പുകൾ

[1]താൽമൂദ് *ബാബാ മെറ്റ്സിയ* 83ബി. [2]ലിയോൺ മോറിസ്, *ദ ഗോസ്പെൽ എക്കോർഡിങ് ടു മാത്യു,* പില്ലർ കമെന്ററി (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1992), 499, എൻ. 5. [3]ഒരു റോമൻ വെള്ളിക്കാശ് ഗ്രീക്ക് ദ്രഹ്മക്ക് തുല്യമാണ്. അപ്പൊക്രിഫ പറയുന്നത്, ഒരാൾക്ക് ഒരു ദിവസത്തെ കൂലിയായി ഒരു ദ്രഹ്മയും അവന്റെ ചെലവും ലഭിക്കുമെന്നാണ് (തോബിറ്റ് 5:14, 15.) [4]ടാസിറ്റസ് *അനൽസ്* 1.17; പ്ലിനി *നാച്ചുറൽ* ഹിസ്റ്ററി 33.13. [5]മൈക്കിൾ ജെ. വിൽക്കിൻസ്, “മാത്യു” *ഇൻ സോണ്ടർവാൻ ഇല്ലസ്ട്രേറ്റഡ് ബൈബിൾ ബാക്ഗ്രൗണ്ട്സ് കമെന്ററി,* വാല്യം. 1, *മാത്യു, മാർക്ക്, ലൂക്ക്,* എദി. ക്ലിന്റൺ ഈ. ആർണോൾഡ് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: സോണ്ടർവാൻ 2002), 121. [6]മോറിസ് 500. [7]വില്യം ഹെൻഡ്രിക്സൺ, *ന്യൂടെസ്റ്റമെന്റ് കമെന്ററി: എക്സ്പൊസിഷൻ ഓഫ് ദ ഗോസ്പെൽ എക്കോർഡിങ് ടു മാത്യു* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1973), 739. [8]റോബർട്ട് എച്ച്. ഗൺട്രി, മാത്യു: *ഏ കമെന്ററി ഓൺ ഹിസ് ലിറ്റററി ആന്റ് തിയോളജിക്കൽ ആർട്ട്* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1982), 398. [9]ഡേവിഡ് ഹിൽ, *ദ ഗോസ്പെൽ ഓഫ് മാത്യു,* ദ ന്യു സെഞ്ചുറി ബൈബിൾ കമെന്ററി (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1972), 286. [10]വാൾട്ടർ ബാവെർ, *ഏ ഗ്രീക്ക്-ഇംഗ്ലീഷ് ലെക്സിക്കൻ ഓഫ് ദ ന്യൂടെസ്റ്റമെന്റ് ആന്റ് അദർ ഏർലി ക്രിസ്ത്യൻ ലിറ്ററേച്ചർ,* 3 ഡ് എഡി., റെവ. ആന്റ് എഡി. ഫ്രെഡെറിക് ഡബ്ലിയു. ഡാങ്കർ (ഷിക്കാഗോ: യൂണിവേഴ്സിറ്റി ഓഫ് ഷിക്കാഗോ പ്രസ്, 2000), 398.

[11]ക്രെയിഗ് എസ്. കീനെർ, *ഏ കമെന്ററി ഓൺ ദ ഗോസ്പെൽ ഓഫ് മാത്യു*

(ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1999), 483, എൻ. 72. നോക്കുക, ഡെമോസ്തെനെസ് ഓൺ ദ ക്രൗൺ 51; ഡിയോനിസിയസ് ഓഫ് ഹാലിക്കാർനാസസ് 6.81.3. [12]പിറുപിറുപ്പ് പരീശന്മാരുടെ പ്രത്യേക സ്വഭാവമായിരുന്നു, അവർ പാപികളുടേയും ചുങ്കക്കാരുടേയും മാനസാന്തരത്തെ കുറിച്ചു പിറുപിറുത്തിരുന്നു (ലൂക്കൊ. 15:1, 2). തൽഫലമായി, യേശു അവരോട് മുടിയനായ പുത്രന്റെ ഉപമ പറഞ്ഞു, മൂത്ത മകന്റെ അസൂയ വെളിപ്പെടുത്തി കൊടുത്തു. പിന്നീട്, സഭ സ്ഥാപിച്ച ശേഷം ജാതികൾ ക്രിസ്ത്യാനികളായി തീർന്നപ്പോൾ, അവർക്ക് അവരോട് അസൂയയുണ്ടായി (പ്രവൃ. 15; ഗലാ. 2). [13]ഡൊണാൾഡ് ഏ. ഹാഗെർ, *മാത്യു 14–28*, വേർഡ് ബിബ്ളിക്കൽ കമെന്ററി, വാല്യം. 33ബി (ഡള്ളാസ്: വേർഡ് ബുക്സ്, 1995), 573. [14]മറുരൂപമലയിൽനിന്നും ഇറങ്ങി വന്നപ്പോൾ, ഉൾവലയത്തിലുള്ളവരോടുള്ള (പത്രൊസും, യാക്കൊബും, യോഹന്നാനും) തന്റെ വികാരവും യേശു പ്രകടമാക്കി (17:9-13). [15]മിഷ്നാ *സാൻഹേദ്രൻ* 7.1. [16]റോബർട്ട് എച്ച്. മൗൺസ്, *മാത്യു*, ന്യൂ ഇന്റർനാഷ്ണൽ ബിബ്ളിക്കൽ കമെന്ററി (പീബഡി, മാസ്.: ഹെൻഡ്രിക്സൺ പബ്ലിഷേഴ്സ്, 1991), 189. [17]യേശു തന്റെ അമ്മ മറിയയെ അവളുടെ ബന്ധുവായിരുന്ന യോഹന്നാനെ ഏൽപിക്കുവാനുള്ള കാരണം എന്തെന്ന് ഈ ബന്ധം വ്യക്തമാക്കുന്നു (യോഹ. 19:26, 27). [18]വിൽക്കിൻസ്, 123. [19]ജോസെഫസ് *ആന്റിക്വിറ്റിസ്* 6.11.9; നോക്കുക 1 ശമു. 20:25. [20]ജെ. ഡബ്ലിയു.മെക്ഗാർവേ, *ദ ന്യൂടെസ്റ്റമെന്റ് കമെന്ററി,* വാല്യം. 1, *മാത്യു ആന്റ് മാർക്ക്* (എൻ.പി., 1875; റീപ്രിന്റ്, ഡിലൈറ്റ്, ആർക്ക്.: ഗോസ്പെൽ ലൈറ്റ് പബ്ലിഷിങ് കമ്പനി., എൻ. ഡി.), 176.

[21]ബ്രൂസ് എം. മെറ്റ്സ്ജെർ *എ ടെക്സ്ച്വൽ കമെന്ററി ഓൺ ദ ഗ്രീക്ക് ന്യൂടെസ്റ്റമെന്റ്*, 2 ഡ് എഡി. (സ്റ്റട്ഗാർട്ട്: ജെർമൻ ബൈബിൾ സ്വസൈറ്റി, 1994), 42; നോക്കുക കെജെവി; എൻകെജെവി. [22]പ്ലിനി *നാച്വറൽ ഹിസ്റ്ററി* 4.12.69–70; ടാസിറ്റസ് *അനൽസ്* 3.68; 4.30; 15.71. [23]ഐറേനിയസ് *എഗൈൻസ്റ്റ് ഹെരെസീസ്* 2.22.5; 3.1.1; 3.3.4; ക്ലെമെന്റ് ഓഫ് അലെക്സാണ്ഡ്രിയ *ഹു ഈസ് എ റിച്ച് മാൻ* 42; യൂസേബിയസ് *എക്ലേഷിയാസ്റ്റിക്കൽ ഹിസ്റ്ററി* 3.13, 18, 23, 31; 4.14; 5.8, 24. [24]കീനെർ, 486–87. [25]ജാതികൾ തന്നെ പരിഹസിക്കുകയും, തല്ലുകയും, ക്രൂശിക്കയും ചെയ്യും എന്ന് യേശു പറഞ്ഞതേയുള്ളു (20:19). അവൻ അവരുടെ അന്യായത്തിന് ഇരയായി തീർന്നു. [26]വിൽക്കിൻസ്, 124. [27]ഇബിഡ്. [28]എഫ്. ബുച്ച്സെൽ, ഇൻ *തിയോളജിക്കൽ ഡിക്ഷ്ണറി ഓഫ് ദ ന്യൂടെസ്റ്റമെന്റ്,* എഡി. ജെർഹാർഡ് കിറ്റെൽ, ട്രാൻസ്. ആന്റ് എഡി. ജെഫ്രി. ഡബ്ലിയു. ബ്രോമ്ലേ (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1967), 4:344. [29]ജാക് പി. ലേവിസ്, *ദ ഗോസ്പെൽ എക്കോർഡിങ് ടു മാത്യു,* പാർട്ട് 2, ദ ലിവിങ് വേർഡ് കമെന്ററി (ആസ്റ്റിൻ, ടെക്സ്.: സ്വീറ്റ് പബ്ലിഷിങ് കമ്പനി., 1976), 81. [30]ഡബ്ലിയു,എഫ്. ആൾബ്രൈറ്റും സി. എസ്. മാനും *മാത്യു*, ദ ആങ്കർ ബൈബിൾ (ഗാർഡെൻ സിറ്റി, ന്യൂയോർക്ക്.: ഡബിൾഡേ & കമ്പനി., 1971), 242.

[31]വിൽക്കിൻസ്, 125. [32]ജോസെഫസ് എഴുതി, "നല്ല കാലാവസ്ഥക്ക് ആവശ്യമായ സുഖകരമായ കാറ്റ് ഇവിടെയുണ്ട്, അവിടെയുള്ള ആളുകൾ ലിനൻ വസ്ത്രമാണ് ധരിച്ചിരിക്കുന്നത്. അത് യെഹൂദ്യയിലെ ശേഷം ഭാഗമെല്ലാം മഞ്ഞുമൂടിയിരിക്കുന്ന സമയത്താണെങ്കിലും അതായിരുന്നു സ്ഥിതി" (ജോസെഫസ് *വാഴ്സ്* 4.8.3). [33]ഇബിഡ്., 1.18.5. [34]ഹെൻഡ്രിക്സൺ, 752.